5.1

# പിന്നെയും പൂക്കുമീ ചില്ലകൾ

## ആ മു ഖം

"എല്ലാം നശിച്ചുപോയിട്ടില്ല, പോകില്ല
വല്ലതും ശേഷിക്കുമെന്ന് വിചാരിക്കെ,
എന്തെന്തിതെൻ കരളിലാനന്ദവും
മിഴിയിൽ വിശ്വാസവും, പുതിയ
ഭാവിയുടെ തെളിവാർന്ന ജൈവ പ്രഭാവവും!"

*(ഇരുട്ടിൽ പൊതിഞ്ഞ തിരിനാളം - പുനലൂർ ബാലൻ )*

പ്രത്യാശ ഉണ്ടെങ്കിൽ ജീവിതത്തിൽ ആനന്ദവും ഭാവിയെപ്പറ്റി തെളിവാർന്ന ചിന്തയും ഉണ്ടാകും. ഇതുതന്നെയാണ് പുനലൂർ ബാലൻ ഇരുട്ടിൽ പൊതിഞ്ഞ തിരിനാളം എന്ന കവിതയിൽ സൂചിപ്പിക്കുന്നത്. കൗമാരക്കാരായ കുട്ടികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നവരാണ്. കൗമാരത്തെ ഞെരുക്കത്തിന്റെയും പിരിമുറുക്കത്തിന്റെയും കാലം എന്നും ക്ഷോഭത്തിന്റെയും സ്പർധയുടെയും കാലമെന്നും വിശേഷിപ്പിക്കാറുണ്ട്. ഇന്ന് ഈ അവസ്ഥയ്ക്ക് പുതിയ മാനങ്ങളാണുള്ളത്. കുട്ടികളിൽ പ്രത്യാശ വളർത്തുക എന്നത് അധ്യാപകരുടെ പ്രധാന കർത്തവ്യമാണ്. അതിനുതകുന്ന രചനകളാണ് 'പിന്നെയും പൂക്കുമീ ചില്ലകൾ' എന്ന യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മൂല്യങ്ങൾ സൂക്ഷിക്കുന്നവർക്ക് ജീവിതത്തിൽ വളർച്ചയുണ്ടാകും എന്നതാണ് പ്രവേശകത്തിലെ ആശയം. വിജയലക്ഷ്മിയുടെ പുതുവർഷം എന്ന കവിത ജീവിതത്തിലുടനീളം അമ്മ നൽകുന്ന സാന്ത്വനവും പ്രത്യാശയും അടയാളപ്പെടുത്തുന്നു. പ്രതിബന്ധങ്ങളുണ്ടായിട്ടും കൃഷിയിലുള്ള വിശ്വാസവും പ്രതീക്ഷയുമാണ് പൊൻകുന്നം വർക്കിയുടെ ആ വാഴവെട്ട് എന്ന കഥയിലെ പ്രധാന കഥാപാത്രമായ മാർക്കോസിനെ മുന്നോട്ടു നയിക്കുന്നത്. പ്രത്യാശ നിലനിൽക്കണമെങ്കിൽ ജീവിതം മൂല്യാധിഷ്ഠിതമായിരിക്കണമെന്ന ആശയമാണ് എണ്ണ നിറച്ച കരണ്ടിയിലെ പ്രമേയം. എല്ലാം നശിച്ചുപോയിട്ടില്ല, പോകില്ല എന്ന ആശയം തന്നെയാണ് പിന്നെയും പൂക്കുമീ ചില്ലകൾ

എന്ന തലക്കെട്ട് സൂചിപ്പിക്കുന്നത്. പ്രകൃതിയെ നിരീക്ഷിക്കുന്ന മനുഷ്യന് പ്രത്യാശയുടെ പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയുമെന്ന് ഇവിടെ വ്യക്തമാകുന്നു. ഹരിതം എന്ന കവിതയും സമാനാശയം പങ്കുവയ്ക്കുന്നു. (2006ൽ നിലവിൽ വന്ന ആറാം തരത്തിലെ പാഠപുസ്കതത്തിൽ ഈ കവിത ഉൾപ്പെടുത്തിയിട്ടുണ്ട്).

"ഒരു ഞരമ്പിപ്പൊഴും പച്ചയായുണ്ടെന്നൊ-
രില തന്റെ ചില്ലയോടോതി
ഇലയൊന്നു കൊഴിയാതെയിപ്പൊഴും ബാക്കിയുണ്ടെ-
ന്നൊരു ചില്ല കാറ്റിനോടോതി

ഒരു ചില്ല കാറ്റിൽ കുലുങ്ങാതെ നിൽപ്പുണ്ടെ-
ന്നൊരു മരം പക്ഷിയോടോതി
ഒരു മരം വെട്ടാതെയൊരു കോണിൽ കാണുമെ-
ന്നൊരു കാട് ഭൂമിയോടോതി

ഒരു കാട് ഭൂമിയിൽ ബാക്കിയുണ്ടെന്നൊരു
മല സ്വന്തം സൂര്യനോടോതി
ഒരു സൂര്യനിനിയും കെടാതെയുണ്ടെന്നു ഞാൻ
പടരുന്ന രാത്രിയോടോതി"

*(സച്ചിദാനന്ദൻ)*

ഒ.എൻ.വി കുറുപ്പിന്റെ ദിനാന്തം എന്ന കവിതാസമാഹാരത്തിലെ 25-ാമത്തെ കവിതയും പ്രത്യാശ പങ്കുവയ്ക്കുന്നു.

വാഴ്‌വിന്റെ പുസ്തകമാകെപ്പകർത്തുവാ-
നാവില്ലെനിക്കിതപൂർണ്ണമായ് നിർത്തുന്നു.

ഏതീരടിചൊല്ലിനിർത്തണമെന്നറി-
യാതെ ഞാനെന്തിനോ കാതോർത്തു നിൽക്കവേ,

നിശ്ശബ്ദരാക്കപ്പെടുന്ന മനുഷ്യർതൻ
ശബ്ദങ്ങളെങ്ങുനിന്നൊക്കെയോ കേൾക്കുന്നു.

"നമ്മൾ ജയിക്കും, ജയിക്കുമൊരുദിനം!
നമ്മളൊറ്റയ്ക്കല്ല! നമ്മളാണീ ഭൂമി!...."

വിജയലക്ഷ്മിയുടെ കവിത, പൊൻകുന്നം വർക്കിയുടെ ചെറുകഥ, പൗലോ കൊയ്‌ലോയുടെ ആൽക്കെമിസ്റ്റ് എന്ന നോവലിന്റെ ഒരു ഭാഗം എന്നിങ്ങനെ വ്യത്യസ്തമായ സാഹിത്യരൂപങ്ങളിലൂടെയുള്ള ഭാഷാനുഭവം ഈ യൂണിറ്റിലൂടെ കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പ്രത്യാശ പ്രമേയമായി വരുന്ന ടി.പദ്മനാഭന്റെ 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി' പോലുള്ള രചനകളും പ്രയോജനപ്പെടുത്താവുന്നതാണ്. ഓർമക്കുറിപ്പ്, കഥയരങ്ങ്, ഉപന്യാസം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെ സ്വന്തമായ ഭാഷാശൈലി രൂപപ്പെടുത്തിയെടുക്കാൻ ഉതകുംവിധത്തിലാണ് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

## യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • ചമൽക്കാരം, ബിംബം വാങ്മയചിത്രം എന്നിവ കവിതയെ എത്രമേൽ സുന്ദരമാക്കുന്നു എന്നു വിശകലനം ചെയ്ത് എഴുതുന്നു.<br>• ജീവിതത്തിന്റെ വൈവിധ്യങ്ങൾ പ്രതിപാദിക്കുന്ന കഥകൾ, കവിതകൾ എന്നിവ വായിച്ചാസ്വദിച്ച് സർഗാത്മക രചനകളിൽ ഏർപ്പെടുന്നു. | • പുതുവർഷം | • പ്രത്യാശാഭരിതമായ അന്വേഷണമാണ് ജീവിതം.<br>• അമ്മ ജീവിതത്തിലുടനീളം പ്രത്യാശ നിറയ്ക്കുന്നു<br>• പ്രതികൂല സാഹചര്യങ്ങളെ ആത്മശക്തി കൊണ്ട് മറികടക്കണം.<br>• ചമൽക്കാരം, ബിംബം എന്നിവ കാവ്യഭംഗി വർധിപ്പിക്കുന്നു.<br>• ഓർമ്മക്കുറിപ്പ് എഴുതുന്നത് കുട്ടികളുടെ സർഗാത്മകത ഉണർത്തും. | • വിശകലനം ചെയ്യൽ<br>• കാവ്യഭംഗികണ്ടെത്തൽ<br>• ഓർമ്മക്കുറിപ്പ് എഴുതൽ.<br>• ഊണം കണ്ടെത്തൽ | • വിശകലനക്കുറിപ്പ്<br>• ഓർമ്മക്കുറിപ്പ് | **ഊണം കണ്ടെത്തൽ**<br>• ആശയവ്യക്തത<br>• കവിതയുടെ ഭാവം<br>• പങ്കാളിത്തം<br>• അക്ഷരശുദ്ധി<br>• താളം<br>**ഓർമ്മക്കുറിപ്പ്**<br>• അനുഭവതീവ്രത<br>• വൈകാരികാംശം<br>• അവതരണ രീതി<br>• ഉചിതമായ ഭാഷ |
| • ശേഖരിച്ച കഥകൾ ഉചിതമായ ഭാവം, ശബ്ദവിന്യാസം എന്നിവ പാലിച്ച് കഥയരങ്ങളുകളിൽ അവതരിപ്പിക്കുന്നു. | • ആ വാഴവെട്ട് | • കൃഷി വൈകാരികമായി ഏറ്റെടുക്കേണ്ട ഒന്നാണ്.<br>• കഥയരങ്ങ് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. | • വിശകലനം ചെയ്യൽ<br>• ചർച്ച<br>• കുറിപ്പ് തയാറാക്കൽ<br>• കഥയരങ്ങ് നടത്തൽ<br>• കഥവായിക്കൽ<br>• വിഷയാവതരണം<br>• നോട്ടീസ് തയാറാക്കൽ<br>• പോസ്റ്റർ തയാറാക്കൽ | • വിശകലനക്കുറിപ്പ്<br>• നോട്ടീസ്<br>• പോസ്റ്റർ<br>• ശ്രാവ്യവായന | • ചർച്ചയിലെ പങ്കാളിത്തവും അഭിപ്രായങ്ങളുടെ യുക്തിയും ഉപയോഗിക്കുന്ന ഭാഷയും<br>• രചനകളിലെ ആശയവ്യക്തത, ക്രമീകരണം, ഭാഷാശൈലി |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • പാഠഭാഗത്തുള്ള ശൈലികൾ, പ്രയോഗങ്ങൾ എന്നിവ കണ്ടെത്തി അവയുടെ സൗന്ദര്യതലം ഉൾക്കൊണ്ട് പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നു. | • എണ്ണനിറച്ച കരണ്ടി | • മൂല്യങ്ങൾ മനസ്സിൽ സൂക്ഷിക്കുന്നവർക്ക് ജീവിതത്തിൽ സന്തോഷം ഉണ്ടാകും.<br>• ജീവിതത്തിൽ പാലിക്കേണ്ട മൂല്യങ്ങൾ മനസ്സിലാക്കുന്നു.<br>• കുട്ടികളിൽ സാഹിത്യകൃതികളുടെ സൗന്ദര്യതലം ഉൾക്കൊള്ളാൻ ഉതകുന്ന പ്രവർത്തനമാണ് താരതമ്യം. | • ചർച്ച<br>• താരതമ്യക്കുറിപ്പ്<br>• പുറന്താൾക്കുറിപ്പ് തയാറാക്കൽ | • താരതമ്യക്കുറിപ്പ്<br>• പുറന്താൾക്കുറിപ്പ്<br>• ഉപന്യാസം | **പുറന്താൾക്കുറിപ്പ്**<br>• ഘടന<br>• സംക്ഷിപ്തത<br>• ആകർഷകത്വം<br>• കൃതി വായിക്കാൻ പ്രേരിപ്പിക്കുന്നത്.<br>**ഉപന്യാസം**<br>• ആമുഖം<br>• തലക്കെട്ട്<br>• പ്രബന്ധശരീരം<br>• നിഗമനങ്ങൾ |

## പ്രവേശക പ്രവർത്തനം

പി.കെ പാറക്കടവിന്റെ വേരും തളിരും എന്ന കഥയാണ് പ്രവേശകം. കഥ ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുകയും ലഭിക്കുന്ന ആശയങ്ങൾ ഓരോ ഗ്രൂപ്പും ക്ലാസിൽ അവതരിപ്പിക്കുകയും വേണം. ചർച്ചാസൂചകങ്ങളിലേക്ക് എത്തത്തക്കവിധത്തിൽ ചില ചോദ്യങ്ങൾ ഉന്നയിക്കാവുന്നതാണ്.

താഴെ പറയുന്നവകൊണ്ട് എന്തെല്ലാമാണ് അർഥമാക്കുന്നത്?

- ഒരു പിടിമണ്ണ്
- ഒരു കീറ് ആകാശം
- ആകാശത്തിൽ വേര് പടർത്തുക
- ഭൂമിയിൽ തളിർക്കുക

മൂല്യബോധമുള്ളവർക്ക് ജീവിതത്തിൽ ഉയർച്ചയുണ്ടാകുമെന്നാണ് കഥ സൂചിപ്പിക്കുന്നത്. പുതിയ കാലത്ത് മനുഷ്യന് വേരുകൾ നഷ്ടപ്പെടുന്നു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം കുറയുന്നു. ഓരോ മനുഷ്യന്റെയും ഉള്ളിൽ കുറച്ചുകൂടി വിശാലതയും സഹനവും സഹാനുഭൂതിയും ഉണ്ടാകുമ്പോൾ ജീവിതവീക്ഷണം തന്നെ മാറുന്നു. അപ്പോൾ അവൻ ഒപ്പമുള്ളവർക്കും പ്രാധാന്യം കൽപ്പിക്കും. കൂടുതൽ മഹത്തായ ഒരു ലോകം സ്വപ്നം കാണും. അപ്പോഴാണ് ജീവിതം ഭൂമിയിൽ തളിർക്കുകയും ആകാശത്തിൽ വേര് പടർത്തുകയും ചെയ്യുന്നത്. ഭൂമിയും ആകാശവും മനുഷ്യജീവിതത്തിന്റെ രണ്ട് അറ്റങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഭൂമിയിൽ തളിർക്കുക, ആകാശത്തിൽ വേര് പടരുക എന്നീ പ്രയോഗങ്ങൾ ധ്വന്യാത്മകമാണ്.

**പി.കെ പാറക്കടവ്**



പേര് : അഹമ്മദ്. വടകര താലൂക്കിൽ പാറക്കടവിൽ ജനനം. കേരള സാഹിത്യ അക്കാദമി അംഗവും സമസ്ത കേരള സാഹിത്യ പരിഷത് നിർവാഹക സമിതി അംഗവുമാണ്. മൗനത്തിന്റെ നിലവിളക്ക്, തോണി, അവൾ പെയ്യുന്നു, സ്നേഹം കായ്ക്കുന്ന മരം, ഹിറ്റ്ലർ സസ്യഭുക്കാണ്, പി.കെ പാറക്കടവിന്റെ കഥകൾ എന്നിവ പ്രധാന കൃതികൾ. എസ്.കെ പൊറ്റെക്കാട്ട് അവാർഡ്, ഫൊക്കാനാ അവാർഡ്, എസ്.ബി.ടി അവാർഡ്, അബുദാബി അരങ്ങ് അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

### പുതുവർഷം

വിദ്യാലയ ജീവിതത്തിലെ ഒരു സവിശേഷ ഘട്ടത്തെയും പുതിയ അധ്യയനവർഷത്തെയും അഭിമുഖീകരിക്കുകയാണ് കുട്ടികൾ. അതിനാൽ വിജയലക്ഷ്മിയുടെ പുതുവർഷം എന്ന കവിത പേരുകൊണ്ടുതന്നെ ഏറെ പ്രസക്തമാകുന്നു. കുട്ടിയുടെ വളർച്ചയുടെ ഘട്ടത്തിൽ ഈ കവിതയിലെ ചിന്തകൾക്ക് പ്രാധാന്യമുണ്ട്. കൗമാര കാലഘട്ട

ത്തിൽ കുട്ടി മനസ്സിലാക്കേണ്ട പല കാര്യങ്ങളും കവിതയിൽ ഉൾച്ചേർന്നിട്ടുണ്ട്. മാതൃസ്നേഹം, സംസ്കാരം, പ്രകൃതി, സാമൂഹ്യബോധം എന്നിവയെല്ലാം കവിതയ്ക്കും പുതിയ മാനങ്ങൾ നൽകുന്നു.

ബാല്യം, കൗമാരം, യൗവനം എന്നീ ഘട്ടങ്ങൾ കവിതയിൽ അവതരിപ്പിക്കുന്നുണ്ട്. അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നുമില്ലാത്തതാണ് ബാല്യം. 'ആരോടുമില്ലാ വഴക്കെന്നു പുഞ്ചിരിച്ചാരോടും കൂടി' നടക്കുന്ന കാലം കൂടിയാണത്. എന്നാൽ കൗമാരം ആരോടും ചേരുവാനാകാതെ, വൈദ്യുതി പോലെ, ആപത്തായ് മാറുന്നു. ജീവിതാനന്ദങ്ങൾ എത്ര കിട്ടിയാലും പോരെന്ന് ആർക്കുന്ന കാലമാണ് യൗവനം.

കേരളത്തിന്റെ സാമൂഹ്യവ്യവസ്ഥയെക്കുറിച്ചുള്ള ചിത്രങ്ങളും കവിതയിലുണ്ട്. മണ്ണും ജീവിതവും നഷ്ടപ്പെട്ടവരാണ് ചുറ്റിലും. ഇതിനിടയിൽ ഓണവും പൂക്കളും നഷ്ടപ്പെടുന്നു. ഫ്ളാറ്റിലെ ജീവിതം മനുഷ്യനെ പ്രകൃതിയിൽ നിന്ന് അകറ്റുന്നു. എന്നാൽ താഴത്തെ ഇത്തിരി മണ്ണിൽ തുമ്പയെ കാണുമ്പോൾ അമ്മ നൽകിയ സ്നേഹസാന്ത്വനവും കരുത്തും കവിതയിൽ പ്രത്യാശയായി മാറുന്നു. എല്ലാത്തിനും മീതെ അമ്മ സ്നേഹമായി ജ്വലിക്കുകയാണ്. ആ സ്നേഹജ്വാല ജീവിതത്തിലെ എല്ലാത്തരം കൂരിരുട്ടിനെയും അകറ്റുന്നു.

പാഠഭാഗത്തോടൊപ്പം ഉള്ള ചിത്രം കവിതാ ചർച്ചയ്ക്ക് പുതിയ വെളിച്ചം നൽകും. കാലടികൾ, തുമ്പ, വേരുകൾ പശ്ചാത്തലമായി അമ്മ എന്നിവയെല്ലാം ചർച്ചയ്ക്ക് വിധേയമാക്കണം. ചിത്രവായനയുടെ ഒരു പ്രവർത്തനം കൂടി അധ്യാപികയ്ക്ക് നൽകാവുന്നതാണ്.

## പ്രവർത്തന വിശകലനം

**ഈണം കണ്ടെത്താം**

കവിതയുടെ ഈണം കണ്ടെത്തുന്നതിലൂടെ കുട്ടികൾ കവിത ആസ്വദിക്കട്ടെ. ഈണം കണ്ടെത്തി അവതരിപ്പിക്കുമ്പോൾ മറ്റുള്ളവർ വിലയിരുത്തട്ടെ. ഐ.ടി സാധ്യതകൾ ഉപയോഗിച്ച് അധ്യാപകന് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്.

- ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലെ വൃത്തം മഞ്ജരിയാണ്
- ഏഴാം തരത്തിൽ വേണുഗാനമെന്ന കൃഷ്ണഗാഥാഭാഗം കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്

"രാഗങ്ങളോരോന്നേ ഗോകുലനായകൻ
മേളം കലർന്നങ്ങു പാടുംനേരം"

ആശയവ്യക്തത
കവിതയുടെ
ഭാവം
പങ്കാളിത്തം
അക്ഷരശുദ്ധി

## കാലം ഉണർത്തുന്ന സ്മരണകൾ

കവിത വിശകലനം ചെയ്യുന്നതിനായി ഓരോ സംഘത്തിനും ഒന്നോ രണ്ടോ ചോദ്യങ്ങൾ നൽകാം. കുട്ടികൾ ഉത്തരം കണ്ടെത്തി പൊതുവായി അവതരിപ്പിക്കട്ടെ. അധ്യാപകൻ ക്രോഡീകരിക്കുന്നു.

- ബാല്യം എങ്ങനെയൊക്കെയാണെന്നാണ് കവി സൂചിപ്പിക്കുന്നത്?
    - അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നുമില്ലാതിരുന്ന കാലമായിരുന്നു.
    - ഓണക്കാലത്ത് പാട്ടുപാടി പൂനുള്ളിപ്പോയിരുന്നു
    - കോവിലിൽ കൈകൂപ്പിയാൽ കരിവള കാപ്പാകുമെന്ന് അമ്മ ഓർമപ്പെടുത്തിയിരുന്നു

- പുസ്തകസഞ്ചിയിൽ കൊച്ചുനെല്ലിക്കയും പച്ചപ്പുളിയും ഒളിപ്പിച്ചുവച്ചിരുന്നു
- ആരോടും വഴക്കുകൂടാതെ എല്ലാവരെയും സ്നേഹിച്ച് പുഞ്ചിരിയോടെ നടന്ന കാലം
- അമ്മയോടൊപ്പമാണ് പൂക്കളം തീർത്തിരുന്നത്

● 'വൈദ്യുതിവീചിപോലാപത്ത്' എന്ന് കൗമാരത്തെ വിശേഷിപ്പിക്കുന്നത് എന്തു കൊണ്ടാവാം

- കൗമാരത്തിൽ ആയിരക്കണക്കിന് ആകുലചിന്തകൾ കുന്തങ്ങളായി ഉയർന്നിരുന്നു
- തീരാത്ത പകയും തിളയ്ക്കുന്ന സ്നേഹവും മനസ്സിൽ തീയിട്ടെരിച്ചിരുന്നു
- ആരോടും ചേരുവാനാകാത്ത കാലമാണത്
- വേഗം, അപകടം എന്നിവയെല്ലാം വൈദ്യുതവീചിയുടെ പ്രത്യേകതകളാണ്
- പെട്ടെന്ന് പ്രതികരിക്കുന്ന സ്വഭാവം.

● 'കർക്കിടകക്കാറ്റും മഴയും കൊടി ചുരുക്കി' എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നതെന്താണ്

- ഫ്ളാറ്റിലെ ഇത്തിരിവട്ടത്തിലാണ് കാറ്റും മഴയും കാണാൻ കഴിയുന്നത്
- കർക്കിടകം മാറി ചിങ്ങം വരുന്ന കാലപ്പകർച്ചയുടെ സൂചന
- നഗരവൽക്കരണം പ്രകൃതിക്ക് മേൽ ഉണ്ടാക്കുന്ന ക്ഷതം
- ഓണവും പൂക്കളും മറക്കുന്നതിലൂടെ കേരള സംസ്കാരത്തിന്റെ കൊടിയാണ് ചുരുങ്ങുന്നത്

● 'എന്തിന് പൂക്കളം? ഈ ചോദ്യത്തിന്റെ പ്രസക്തിയെന്ത്

- ഓരോ ഘട്ടത്തിലും അമ്മ സ്നേഹമായി ജ്വലിക്കുന്നു
- ഏത് പൂക്കളത്തേക്കാളും സൗന്ദര്യം അമ്മയെക്കുറിച്ചുള്ള ദീപ്തമായ സ്മരണകൾക്കുണ്ട്.
- ജീവിതം ഐശ്വര്യമുള്ളതായി മാറുന്നു

## കവിദുഃഖം

"ഓണവും പൂവും..... നോക്കിനിൽപ്പൂ" എന്ന വരികളുടെ സാംഗത്യം വിശകലനം ചെയ്യുന്നതിനുള്ള പ്രവർത്തനമാണിത്. മറ്റു വരികൾ കൂടി പരിഗണിക്കണം. താഴെ നൽകിയിരിക്കുന്ന ആശയങ്ങൾ കുറിപ്പുകളായി ഓരോ ഗ്രൂപ്പിനും നൽകി സമാനാശയമുള്ള വരികൾ കണ്ടെത്താൻ അധ്യാപിക ആവശ്യപ്പെടുന്നു.

● നിഷ്കളങ്കമായ ബാല്യത്തിന്റെ ഇന്നലെകളിൽ നിന്നും വേദനിപ്പിക്കുന്ന ചിന്തകളുടെ കുന്തങ്ങൾ കുത്തിത്തുളയ്ക്കുന്ന ശിരസ്. ഒടുങ്ങാത്ത പകയും പൊള്ളുന്ന സ്നേഹവും കൊണ്ടു തീപിടിച്ച മനസ്.

● എല്ലാവരോടും കൂട്ടുകൂടിയിരുന്ന ബാല്യത്തിൽ നിന്ന് മാറി ആരോടും ചേരുവാനാകാതെ വൈദ്യുതക്കമ്പി പോലെ, വർത്തമാനകാലവും മനുഷ്യരും അപകടകാരികളായിരിക്കുന്നു

● ജീവിതത്തിന്റെ സന്തോഷങ്ങൾ മധുരവും കുസൃതിയും കൊണ്ട് എത്ര രസിപ്പിച്ചാലും രക്തമാംസങ്ങൾ ആർത്തിയോടെ പോരാ പോരാ എന്ന് ഉച്ചത്തിലാർക്കുന്ന കാലം. ഇത്രയും കെട്ടകാലത്ത് സാഹോദര്യത്തിന്റെ പ്രതീകമായ ഓണവും

സുഗന്ധം പൊഴിക്കുന്ന പൂക്കളും കേരളസമൂഹം മറക്കുന്നതായി കവിക്ക് തോന്നുന്നു. ഇതുകാണുമ്പോഴാണ് സുമനസുകളിൽ ഖിന്നത നിറയുന്നത്.

- ഇത്തിരി മണ്ണുപോലുമില്ലാത്തവർക്ക്, കൊച്ചുവീടിന്റെ കൂടുമാത്രമുള്ളവർക്ക് എങ്ങനെയാണ് പൂവുണ്ടാവുക? ഫ്ളാറ്റിലെ ഇത്തിരി ചതുരത്തിൽ കുടുങ്ങിപ്പോയ കർക്കിടകക്കാറ്റിനും മഴയ്ക്കും പിറകെ എങ്ങനെയാണ് ചിങ്ങമുദിക്കുക?
- കൗമാരകാലത്ത് ഉദിച്ചുയരുന്ന ആദർശബോധം
- കാലപ്പകർച്ച സംസ്കാരപ്പകർച്ച കൂടിയാകുന്നു.

## കുറിപ്പ് തയാറാക്കാം

ജീവിതത്തിലുടനീളം അമ്മ ഒരു പ്രത്യാശയായി മാറുന്നു. ഈ പ്രസ്താവന മുൻനിർത്തി കവിത പരിശോധിച്ച് വരികൾ കണ്ടെത്തട്ടെ. സംഘങ്ങളായി വരികൾ വിശകലനം ചെയ്ത് അവതരിപ്പിക്കട്ടെ. പൊതുചർച്ചയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തി എഴുതാം.

- "അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു-<br>മില്ലാതിരുന്നൊരാപ്പോയ കാലം"
- "മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ-<br>ടൊപ്പമെന്നമ്മയും തുമ്പ പോലെ"
- "എന്തിന്നു പൂക്കളം? എന്തിലും മീതെയാ-<br>ണമ്മുഖം സ്നേഹമായുജ്ജ്വലിക്കെ"

കുട്ടിക്കാലത്തെ ഓർമകളിലെല്ലാം അമ്മ നിറസാന്നിധ്യമാണ്. പൂക്കളത്തിലെ തുമ്പപ്പൂവിനോട് അമ്മയെ ഉപമിക്കുന്നു. കൗമാരത്തിലും യൗവനത്തിലും മറ്റൊരവസ്ഥയാണ്. കാലം കഴിഞ്ഞപ്പോൾ എല്ലാറ്റിനും മീതെയായി അമ്മ സ്നേഹമായുജ്ജ്വലിക്കുന്നു. വരുംകാലത്ത് അമ്മ ജീവിതത്തിലെ കൂരിരുൾനീക്കി പ്രത്യാശ നൽകുമെന്ന് കവിക്കുറപ്പുണ്ട്.

## കാവ്യഭംഗി കണ്ടെത്താം

കാവ്യഭംഗിയാസ്വദിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള പ്രവർത്തനമാണിത്. മൂന്ന് ഘട്ടങ്ങളുള്ള പ്രവർത്തനം. ആദ്യഘട്ടത്തിൽ കുട്ടികൾ ചെറിയ ഗ്രൂപ്പുകളായി കാവ്യഭംഗി കണ്ടെത്തട്ടെ. അടുത്ത ഘട്ടത്തിൽ ഓരോ ഗ്രൂപ്പും കണ്ടെത്തിയ കാര്യങ്ങൾ എഴുതി തയാറാക്കി അവതരിപ്പിക്കട്ടെ. മൂന്നാമത്തെ ഘട്ടത്തിൽ കുട്ടികളും അധ്യാപകനും ചേർന്ന് വിലയിരുത്തുകയും മെച്ചപ്പെടുത്തി എഴുതുകയും വേണം. എല്ലാ കുട്ടികളെയും സ്വന്തം രചന മെച്ചപ്പെടുത്താൻ ശേഷിയുള്ളവരാക്കുന്നു എന്നതാണ് ഈ ഘട്ടത്തിന്റെ സവിശേഷത.

### പുണ്ഡരീകന്റെ മാതൃസ്നേഹം

മഹാദേവ ഭക്തനായ പുണ്ഡരീകന്റെ മാതൃസ്നേഹത്തിന്റെ കഥ ഇന്ത്യയിൽ മുഴുവൻ പ്രസിദ്ധി നേടിയതാണ്. കുറെ നാളായി ദൈവത്തിന് പുണ്ഡരീകന്റെ സാന്നിധ്യം അനുഭവപ്പെട്ടില്ല. അതുകൊണ്ട് ദൈവം അയാളെത്തേടി വീട്ടിലെത്തി. അയാൾ അപ്പോൾ വയസായ അമ്മയുടെ കാലുകൾ തിരുമ്മുകയായിരുന്നു. ദൈവം വന്നതറിഞ്ഞിട്ടും അയാൾ മാതൃസേവയിൽ നിന്നും വിരമിച്ചില്ല. എന്തെന്നാൽ ഈശ്വരനെ തന്നെ തന്റെ അമ്മയുടെ രൂപത്തിൽ അയാൾ സേവിക്കുകയായിരുന്നു. 'ഈശ്വരൻ ഇതാ മുന്നിൽ' എന്ന് തുക്കാറാം പറഞ്ഞു. പക്ഷേ പുണ്ഡരീകൻ അനങ്ങിയില്ല. താനിപ്പോൾ സേവിച്ചുകൊണ്ടിരിക്കുന്ന ഈശ്വരന് വേണ്ടി, അമ്മയ്ക്കുവേണ്ടി തന്റെ സേവനം മുഴുമിക്കുംവരെ തന്നെ കാത്തിരിക്കാനായി അയാൾ അപേക്ഷിക്കുകയായിരുന്നു.

വേരുകളും ചിറകുകളും -<br>പി.എൻ.ദാസ് (ഗ്രീൻ ബുക്സ്)

മാതൃപാഠം എന്ന ഭാഗത്തിൽ നിന്ന് പേജ് 186

- അമ്മ - മക്കൾ ബന്ധത്തെ സൂചിപ്പിക്കുന്നു
- നൈർമല്യം, വെൺമ, ലാളിത്യം എന്നിവയുള്ളതാണ് തുമ്പപ്പൂ

സ്നേഹവും സാന്ത്വനവും നിറച്ച് പുഞ്ചിരിയോടെ അമ്മ കടന്നുവരുന്നു. (പൂക്കളത്തിലെ തുമ്പപ്പൂ പോലെയാണ് അമ്മ - ഉപമ) പൂക്കളത്തിന് ഉപയോഗിക്കുന്ന പൂക്കളിൽ ഏറ്റവും ശ്രേഷ്ഠം തുമ്പയാണ്. ഓണമെന്ന മഹോൽസവത്തിന്റെയും ആഹ്ലാദത്തിന്റെയും പ്രതീകം കൂടിയാണത്. അമ്മ ജീവിതത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമാണ്. ഓണപ്പൂക്കളിൽ തുമ്പ ശ്രേഷ്ഠമാകുന്നതുപോലെ ഏറ്റവും ഉദാത്തമായ സ്നേഹമാണ് അമ്മയുടേത്.

## ഓർമക്കുറിപ്പ്

കുട്ടികളുടെ സർഗാത്മകത ഉണർത്തുന്നതിനുള്ള പ്രവർത്തനമാണിത്. അതിനുതകും വിധം പ്രവർത്തനം ആസൂത്രണം ചെയ്യണം. കവിയുടെ കുട്ടിക്കാലത്തെക്കുറിച്ച് ഓർമിക്കുന്ന രീതിയിലുള്ള ആഖ്യാനമാണ് പുതുവർഷത്തിന്റെ പ്രത്യേകത.

അത്തരത്തിൽ വിദ്യാലയം, കുടുംബം, യാത്ര, സൗഹൃദം, പരിസ്ഥിതി എന്നിവയുമായോ മറ്റേതെങ്കിലുമായോ ബന്ധപ്പെട്ട ഓർമ വ്യക്തിഗതമായി കുറിക്കട്ടെ.

തിരഞ്ഞെടുത്തവ ക്ലാസിൽ അവതരിപ്പിക്കാം.

പൊതുചർച്ചയുടെ അടിസ്ഥാനത്തിൽ എല്ലാവർക്കും മെച്ചപ്പെടുത്തി എഴുതാൻ അവസരമുണ്ടാകണം.

ഓർമക്കുറിപ്പുകൾ ഒരു പതിപ്പായി പ്രസിദ്ധീകരിക്കാവുന്നതാണ്.

അതിനായി എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കാം.

പ്രകാശനച്ചടങ്ങ് കുട്ടികളുടെ നേതൃത്വത്തിൽ നടക്കട്ടെ.

**ഓർമക്കുറിപ്പ്**
അനുഭവതീവ്രത
വൈകാരികാംശം
അവതരണരീതി
ഉചിതമായ ഭാഷ

### എഡിറ്റിംഗ്

നിരന്തരമായ മെച്ചപ്പെടുത്തലിലൂടെ രചന ഉദാത്തമാക്കുന്ന പ്രക്രിയയാണ് എഡിറ്റിംഗ്. രചന പലഘട്ടങ്ങളിലായി വായിക്കുകയും വിലയിരുത്തുകയും ഉചിതമായ മാറ്റങ്ങൾ വരുത്തുകയും വേണം.

**ആശയപരമായ എഡിറ്റിംഗ്**

രചനയുടെ ആശയവുമായി ബന്ധപ്പെട്ട പിഴവുകൾ പരിഹരിക്കുകയാണ് ഇവിടെ. ഒരു പ്രത്യേക ആശയത്തെക്കുറിച്ച് എഴുതുമ്പോൾ അതിന്റെ മേഖലയിൽ നിന്ന് പുറത്തുകടക്കരുത്.

**വ്യവഹാരരൂപം സംബന്ധിച്ച എഡിറ്റിംഗ്**

ഒരു വ്യവഹാരരൂപത്തിൽ നിന്നുമാറി മറ്റൊന്നിലേക്ക് മാറിപ്പോകരുത്. അനുഭവക്കുറിപ്പ് എഴുതുന്ന കുട്ടി പ്രസംഗരൂപത്തിൽ നീങ്ങുന്നതായി അനുഭവപ്പെടാം.

**വാക്യഘടനാപരമായ എഡിറ്റിംഗ്**

അധികവാക്കുകളുടെ ഉപയോഗം, വാക്കുകൾ വിട്ടുപോകുന്ന അവസ്ഥ, വാക്കുകളുടെ ക്രമമില്ലായ്മ, ഉചിതമല്ലാത്ത ചിഹ്നനങ്ങൾ എന്നിവ ശ്രദ്ധിക്കണം.

## പ്രത്യാശയുടെ പുതുവർഷം

പോയ കാലത്തിന്റെ ഓർമകളിലാണ് കവിത ആരംഭിക്കുന്നത്. പുതിയകാലത്തിന്റെ നോവുകളും കെട്ട കാഴ്ചകളും ഇതിനുമേലേ നിറയുന്നു. അപ്പോഴും പ്രത്യാശയുടെ തിരിനാളം കെട്ടുപോകാതെ കാക്കുവാൻ ശ്രമിക്കുകയാണ് കവയിത്രി .

അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നുമില്ലാതിരുന്ന ഒരു കുട്ടിക്കാലത്തെക്കുറിച്ചുള്ള ഗൃഹാതുരസ്മരണകളിലാണ് കവിത തുടങ്ങുന്നത്. ആരോടും വഴക്കില്ലാതെ, എല്ലാവരോടും കൂട്ടുകൂടിയ നിഷ്കളങ്ക ബാല്യത്തിന്റെ നാളുകളായിരുന്നു അത്. തൊടിതോറും പൂവുതേടിനടന്ന, പുസ്തകസഞ്ചിയിൽ കൊച്ചുനെല്ലിക്കയും പച്ചപ്പുളിയും അടങ്ങുന്ന കൗതുകങ്ങൾ ഒളിപ്പിച്ച ആ നാളുകളിൽ വഴിയും വിളക്കുമായി അമ്മയുണ്ടായിരുന്നു. ദേവിയെ കൂപ്പിയാൽ കൈയിലെ കരിവള കാപ്പായി മാറുമെന്ന പ്രത്യാശയായിരുന്നു അമ്മ എപ്പോഴും കുഞ്ഞുമകളിൽ നിറച്ചത്. കുഞ്ഞുമകൾക്കൊപ്പം പൂക്കളമൊരുക്കാനിരുന്ന അമ്മയ്ക്ക് തുമ്പപ്പൂവിന്റെ നൈർമല്യവും ഐശ്വര്യവും ഉണ്ടായിരുന്നു.

ഇന്ന് കാലം ആപത്തുകളുടേതാണ്; ആകുലതകളുടേതാണ്. ആരോടും ചേരുവാനാകാതെ വെറുപ്പും പകയുമാണ് മനുഷ്യമനസ്സുകളിൽ നിറയുന്നത്. ജീവിതാനന്ദങ്ങൾ എത്രയുണ്ടായാലും രക്തമാംസങ്ങൾക്ക് ആസക്തി കുറയാത്ത കാലമാണിത്. ഓണവും പൂക്കളും മറന്നുപോയ മലയാളനാട് കവയിത്രിയിൽ സൃഷ്ടിക്കുന്ന നോവുകൾ ചെറുതല്ല. ഇത്തിരി മണ്ണില്ലാത്തവർക്ക്, കൂടുപോലെ കൊച്ചുവീടുകൾ മാത്രമുള്ളവർക്ക് തൊടിയും പൂക്കളും എങ്ങനെയുണ്ടാകാനാണ്?

ഫ്ളാറ്റിന്റെ ഇത്തിരവട്ടത്തിലാണ് കർക്കിടകമഴയും കാറ്റും കാണാനാകുന്നത്. താഴെയുള്ള പറമ്പിൽ ഇപ്പോഴും വിനീതയായി തുമ്പച്ചെടി നിൽക്കുന്നുണ്ട്. തുമ്പ വേദനിപ്പിക്കാത്ത അമ്മയെയാണ് ഓർമിപ്പിക്കുന്നത്. എല്ലാ പൂക്കൾക്ക് ഭംഗികൾക്കും മീതെയാണ് മകൾക്ക് അമ്മയുടെ സ്നേഹം നിറഞ്ഞ മുഖശ്രീ.

വരുന്ന ഓണപ്പുലരിയിൽ വർത്തമാനകാലത്തിന്റെ കൂരിരുൾ വകഞ്ഞുമാറ്റി അമ്മ വീട്ടിനുള്ളിൽ വന്നുദിക്കുമെന്ന് കവയിത്രി പ്രത്യാശിക്കുന്നു. വരാനിരിക്കുന്ന പുതുവർഷം വലതുകാൽ വച്ച് അക്ഷയശ്രീയായി വരാൻ കവയിത്രി ആശിക്കുന്നു.

പ്രത്യാശ മനുഷ്യജീവിതത്തെ മുന്നോട്ടു നയിക്കുന്ന ശക്തിയാണ്. ആ പ്രത്യാശയാണ്

> "എനിക്കു രസമീ നിമ്നോന്നതമാം വഴിക്കു തേരുരുൾ പായിക്കൽ;
> ഇതേതിരുൾക്കുഴിമേലുരുളട്ടെ വിടില്ല ഞാനീ രശ്മികളെ"
>
> (അമ്പാടിയിലേക്ക് വീണ്ടും)

എന്ന് ഇടശ്ശേരിയെക്കൊണ്ട് പാടിച്ചത്.

ഇനിയും നമുക്കീ ജീവിതത്തിൽ നൻമയുടെയും സ്നേഹത്തിന്റേയും വെളിച്ചവുമായി വരാൻ ആളുണ്ടെന്ന പ്രത്യാശയാണ് ഈ കവിതയുടെ അനുഭവമണ്ഡലം. ആ പ്രത്യാശയാണ് ജീവിതത്തെ പ്രസന്നതയോടെ മുന്നോട്ടു നയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ഇവിടെ വരാനുള്ളയാൾ അമ്മയാണ്. സ്നേഹവും പുഞ്ചിരിയും കരുതലും നിറച്ച് മുഖശ്രീയോടെ കടന്നുവരുന്ന അമ്മയിലാണ് ജീവിതത്തിന്റെ സുന്ദരഭാവത്തെ മുഴുവൻ കവി നിറച്ചുവയ്ക്കുന്നത്. ആ അമ്മയുടെ ഉദിച്ചുയരൽ പുതുവർഷത്തെ പ്രസാദപൂർണവും ഐശ്വര്യസമൃദ്ധവുമാക്കുക തന്നെ ചെയ്യുമെന്ന് വിശ്വസിക്കുന്ന കവയിത്രി ജീവിതത്തിന്റെ പാഴാകാശങ്ങളിൽ പ്രത്യാശ കൊണ്ട് വസന്തങ്ങൾ സൃഷ്ടിക്കുന്നു.

***(അജയൻ പനയറ, അസി. പ്രൊഫ., ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം)***

## ആ വാഴവെട്ട്

### പൊൻകുന്നം വർക്കിയുടെ കഥാലോകം

1940കളിലെ മധ്യകേരളത്തിലെ ദരിദ്ര കർഷകരുടെ പ്രശ്നങ്ങളാണ് പൊൻകുന്നം വർക്കിയുടെ കഥകളിലെ പ്രധാന പ്രമേയം. ജൻമിമാരുടെ ചൂഷണം, ദാരിദ്ര്യം, സർക്കാരിന്റെ അവഗണ, അന്ധവിശ്വാസം തുടങ്ങിയ പ്രശ്നങ്ങളിൽപ്പെട്ടുഴലുന്ന സാധാരണ ജനവിഭാഗത്തിന്റെ ശബ്ദമാണ് പൊൻകുന്നം വർക്കിയുടെ കഥകളിൽ തെളിയുന്നത്. മതം, സാമൂഹികജീവിതം, രാഷ്ട്രീയം എന്നീ മേഖലകളിലെല്ലാം സാധാരണക്കാരന്റെ പക്ഷത്തായിരുന്നു അദ്ദേഹം. വിദേശാധിപത്യത്തിനെതിരെ ഉയർന്ന ദേശീയപ്രസ്ഥാനം, ഏകാധിപത്യത്തിനും രാജവാഴ്ചയ്ക്കുമെതിരെ രൂപം കൊണ്ട ബഹുജനപ്രസ്ഥാനം, ജന്മിത്വത്തിനും ചൂഷണത്തിനുമെതിരെ രൂപം കൊണ്ട സ്ഥിതിസമത്വവാദം, മതത്തിനതീതമായി മനുഷ്യൻ ഒന്നാണെന്ന സാഹോദര്യബോധം, പാശ്ചാത്യദേശത്തും ഭാരതത്തിലും രൂപം കൊണ്ട നവീകരണ പ്രസ്ഥാനങ്ങൾ ഇങ്ങനെ ആധുനിക ലോകത്തിന് രൂപം നൽകിയ ചലനങ്ങളും ചിന്തകളും ആ കഥകളുടെ അന്തർധാരയാണ്.

സാമൂഹികമായ മാറ്റങ്ങൾ ലക്ഷ്യമാക്കി അടിസ്ഥാനജീവിതപ്രശ്നങ്ങൾ അവതരിപ്പിച്ച എഴുത്തുകാരാണ് പി.കേശവദേവ്, പൊൻകുന്നം വർക്കി, തകഴി തുടങ്ങിയവർ. ഈ മൂന്നുപേരും ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ പാർശ്വവൽക്കൃത രചനയുടെ വക്താക്കളായിട്ടുണ്ട്. കഥയിലെ നവോത്ഥാന കാലഘട്ടത്തെ പ്രതിനിധീകരിക്കുന്ന ഇവർ പ്രമേയം, ഭാഷ, അവതരണം എന്നിവയിലെല്ലാം റിയലിസ്റ്റിക് രീതിയാണ് പൊതുവെ സ്വീകരിച്ചത്.

### പാഠവിശകലനം

കാർഷികകേരളം നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോകുന്നുണ്ടെങ്കിലും പൊതുസമൂഹം പുതിയ വഴികൾ കണ്ടെത്താനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. കൃഷിക്കൂട്ടായ്മകൾ, വിദ്യാലയങ്ങളിലെ കൃഷി, വീടിനകത്തും പുറത്തുമുള്ള ചെറിയ സ്ഥലങ്ങളിലെ കൃഷി എന്നിവ അത്തരം ശ്രമങ്ങളാണ്. കൃഷിയിൽ താൽപ്പര്യം സൃഷ്ടിക്കുന്ന തരത്തിൽ ഈ പാഠഭാഗം അവതരിപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ

1940കളിലെ മധ്യതിരുവിതാംകൂറിലെ കാർഷികജീവിതം പശ്ചാത്തലമാക്കി രചിച്ച കഥയാണ് ആ 'വാഴവെട്ട്'. കഥയിലെ പ്രധാന കഥാപാത്രമായ മാർക്കോസു ചേട്ടൻ നല്ല അനുഭവജ്ഞാനമുള്ള കർഷകനാണ്. അത് വ്യക്തമാക്കുന്ന ഒരു പഴഞ്ചൊല്ലിലൂടെയാണ് കഥ തുടങ്ങുന്നത്. കഥയിലെ മാർക്കോസു ചേട്ടന്റെ ശരീരവർണ്ണന തന്നെ അയാൾ ഒരു നല്ല കൃഷിക്കാരനാണെന്ന് വിളിച്ചുപറയുന്നു. കഷ്ടിച്ച് ഒരേക്കർ സ്ഥലമേ അദ്ദേഹത്തിനുള്ളൂ. അത്യധ്വാനം കൊണ്ട് ചുവടുപിടിപ്പിച്ച കുറെ വാഴകളാണ് ആ പുരയിടത്തിന്റെ പച്ചപ്പ്. ജീവിതം കരുപ്പിടിപ്പിക്കാൻ നന്നേ കഷ്ടപ്പെടുകയാണ് മാർക്കോസ് ചേട്ടൻ. ആ സാഹചര്യത്തിലാണ് രോഗഭീഷണി ആരോപിച്ച് വാഴകൾ വെട്ടിക്കളയുന്നതിനുള്ള ഉത്തരവിറങ്ങുന്നത്. ഇത് മാർക്കോസ് ചേട്ടന്റെ ജീവിതത്തിലുണ്ടാക്കുന്ന പ്രതിസന്ധിയും ചിന്തകളുമാണ് കഥയുടെ പ്രമേയം. കൃഷിയെ വൈകാരികമായി കാണുന്ന നിരവധി സന്ദർഭങ്ങൾ കഥയ്ക്ക് ആസ്വാദ്യത നൽകുന്നു.

## പ്രവർത്തന വിശകലനം

**കൃഷി അനുഭവങ്ങൾ പറയാം**

പാഠാവതരണത്തിനുള്ള പ്രവർത്തനമാണിത്. കൃഷിയെക്കുറിച്ചുള്ള ചിത്രമോ വാർത്തയോ വീഡിയോ ദൃശ്യങ്ങളോ കാണിക്കാം. നേരിട്ട് കൃഷി അനുഭവങ്ങൾ ഇല്ലാത്ത കുട്ടികൾ അവർ വായിച്ചതോ പഠിച്ചതോ ആയ അനുഭവങ്ങൾ പങ്കുവെക്കട്ടെ

* വീട്ടിൽ സ്വന്തമായി ചെയ്യുന്ന കൃഷി
* വിദ്യാലയത്തിലെ കാർഷിക ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ
* നാട്ടിലെ കർഷക കൂട്ടായ്മകൾ
* ടെറസ് കൃഷി
* പത്രവാർത്തകൾ
* പാഠപുസ്തക പ്രവർത്തനങ്ങൾ
* കൃഷിയിൽ നിന്ന് അകലുന്ന കേരളം

### വിളനാശം ഭയക്കേണ്ട ; ഇനി സസ്യങ്ങൾക്കും ആശുപത്രി

ആലപ്പുഴ : മനുഷ്യർക്കും മൃഗങ്ങൾക്കും മാത്രമല്ല, സസ്യങ്ങൾക്കും ആശുപത്രിയായി. പച്ചക്കറികളുടെയും മറ്റു വിളകളുടെയും രോഗങ്ങൾ കണ്ടെത്തി കൃത്യമായ ചികിൽസ നൽകുന്ന കാർഷിക ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചു. വിദഗ്ധ ചികിൽസ ലഭ്യമാക്കാൻ ഇവിടെ കൃഷി ഡോക്ടർമാരുണ്ട്. കാർഷിക വിപ്ലവം തീർത്ത ആലപ്പുഴ കഞ്ഞിക്കുഴിയിലാണ് ഈ നൂതന സംരംഭം. പച്ചക്കറികൾക്കും വിളകൾക്കുമുണ്ടാകുന്ന കീടബാധ ഉൾപ്പടെയുള്ള രോഗങ്ങൾ യാഥാസമയം നിർണയിക്കുക, മതിയായ ചികിൽസകൾ നിർദേശിക്കുക, ജൈവകീടനാശിനികൾ ഉൾപ്പടെയുള്ള മരുന്നുകൾ ലഭ്യമാക്കുക എന്നീ സേവനങ്ങളാണ് ഡിസ്പെൻസറിയിൽ ലഭ്യമാകുക. വിരമിച്ച കാർഷിക ഉദ്യോഗസ്ഥരും കാർഷിക വിദഗ്ധരുമാണ് കൃഷി ഡോക്ടർമാരായി എത്തുന്നത്. കഞ്ഞിക്കുഴി പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും വ്യാപകമായുള്ള ജനകീയ കൃഷിയെ സഹായിക്കുക എന്ന ലക്ഷ്യമിട്ടാണ് കാർഷിക ഡിസ്പെൻസറി തുടങ്ങിയത്.

## പാഠവായന

കുട്ടികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വസ്തുക്കൾ നഷ്ടപ്പെടുമ്പോൾ ഉള്ള വികാരം പങ്കുവയ്ക്കുന്ന തരത്തിലുള്ള ചർച്ച ക്ലാസിൽ നടക്കട്ടെ.

* ഏറ്റവും പ്രിയപ്പെട്ട പക്ഷിമൃഗാദികൾ
* എന്റെ മരം/ ഞാൻ നട്ടുവളർത്തിയ ചെടി
* സ്വന്തം കൃഷി നഷ്ടപ്പെട്ട കൃഷിക്കാരന്റെ കഥയാണ് ആ വാഴവെട്ട്.
*

1940കളിലെ കാർഷികജീവിതം സൂചിപ്പിച്ചുകൊണ്ട് കഥ വായിക്കാൻ ആവശ്യപ്പെടാം. കഥ മൗനമായി വായിച്ചതിന്റെ വെളിച്ചത്തിൽ പ്രധാനസംഭവങ്ങൾ പറയട്ടെ.

* അനുഭവജ്ഞാനമുള്ള കർഷകനാണ് മാർക്കോസ്
* മകൾ റാഹേൽ കൃഷിയേയും പിതാവിനെയും അതിരറ്റ് സ്നേഹിക്കുന്നു.
* രോഗം വന്ന വാഴകൾ വെട്ടാൻ അധികാരികൾ ശ്രമിക്കുന്നു.
* മനസില്ലാ മനസോടെ മാർക്കോസ് വാഴകൾ വെട്ടാൻ ഒരുങ്ങുന്നു

* മാർക്കോസ് ചേട്ടന് മുറിവേൽക്കുന്നു
*

കഥ ആഴത്തിൽ അപഗ്രഥിക്കുന്ന വായന അടുത്ത ഘട്ടത്തിൽ നടക്കണം. അതിനായി ചില സചനകൾ നൽകണം

* കഥയുടെ കാലഘട്ടം
* കാർഷികസംസ്കാരം
* സാമൂഹികാവസ്ഥ
* ഉദ്യോഗസ്ഥരുടെ സമീപനം/കർഷകരുടെ നിഷ്കളങ്കത
* കഥാപാത്രങ്ങളുടെ പ്രത്യേകതകൾ
* വൈകാരികാംശം
* അവതരണരീതി
* ഭാഷാപരമായ സവിശേഷതകൾ
* ഭാവികാലത്തെക്കുറിച്ചുള്ള പ്രത്യാശ
*

## പഠനപ്രവർത്തനം

**കഥയിലെ കാർഷികസംസ്കാരം**

കൃഷിയോട് ആഭിമുഖ്യം വെളിപ്പെടുത്തുന്ന സന്ദർഭങ്ങളും വരികളും കുട്ടികൾ കണ്ടെത്തട്ടെ. സന്ദർഭത്തിന്റെയും ഉപയോഗിച്ച ഭാഷയുടെയും പ്രത്യേകത കുട്ടികൾ വിശകലനം ചെയ്യണം

- ചേനത്തലകൾ ഏതേത് കാലത്ത് നടണമെന്ന കാര്യത്തിൽ മാർക്കോസ് ചേട്ടന് വളരെ നിശ്ചയമുണ്ട്
- വാഴ വെട്ടാൻ വന്നവരാണ് എന്നറിഞ്ഞപ്പോൾ കർഷകന്റെ ഉള്ളിൽ തീ പിടിച്ചു
- ഇതിന് രോഗമൊന്നുമില്ലെന്നുള്ളത് എനിക്കറിയാം. ഞാൻ കൃഷിക്കാരനല്ലേ
- തന്റെ ജീവിതത്തിന്റെ രക്തധമനികളായ ആ ചെടികളുടെ ഓരോ ചുവട്ടിലും ഹൃദയഭാരത്തോടു കൂടി അയാൾ നോക്കിനിന്നു
- വാഴ വെട്ടാൻ ചെന്നു നിൽക്കുന്ന സന്ദർഭം
- വാഴ വെട്ടുകയാൽ മരുഭൂമിയായിത്തീർന്ന പുരയിടം കണ്ട് അവൾ മാറിൽത്തല്ലി

**ക്രോഡീകരണം**

* കൃഷിയെക്കുറിച്ച് പാരമ്പര്യമായി ലഭിച്ച അറിവുള്ളയാളാണ് മാർക്കോസ്. അതിൽ അയാൾക്ക് നല്ല ആത്മവിശ്വാസമുണ്ട്
* കഥയുടെ തുടക്കം കൃഷിയെക്കുറിച്ചുള്ള പഴഞ്ചൊല്ലിലാണ്
* ഉള്ളിൽ തീ പിടിച്ച, ഹൃദയഭാരം എന്നീ പ്രയോഗങ്ങൾ കൃഷിയോടുള്ള താൽപ്പര്യത്തെ കാണിക്കുന്നു.

## കാഴ്ചപ്പാടുകൾ ചർച്ച ചെയ്യാം

വ്യത്യസ്തമായ കാഴ്ചപ്പാടുകൾ സംവാദരൂപത്തിൽ അവതരിപ്പിക്കാം. താഴെ പറയുന്ന സൂചകങ്ങൾ ഉൾപ്പെടുന്ന ചർച്ചയിലൂടെ സംവാദത്തിന് ഒരുങ്ങാം.

* കാർഷികവൃത്തിയോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട്
* കൃഷി ജീവിതം തന്നെയായിക്കണ്ട സംസ്കാരം
* മനുഷ്യത്വമില്ലാത്ത നീതിനിർവഹണം
* ലാഭകരമല്ലാത്തവയെ നിലനിർത്തുന്നത് ദേശീയ നഷ്ടമാണ് എന്ന വാദം.

* സസ്യങ്ങളെ മക്കളായി കാണുന്ന വിശാല കാഴ്ചപ്പാട്
* രാഷ്ട്രത്തിന്റെ നൻമയ്ക്ക് നിയമപാലനം അത്യാവശ്യമാണ്
* എല്ലാത്തിൽ നിന്നും ലാഭം ആഗ്രഹിക്കുന്ന ഒരു വിഭാഗം
*

**വിഷയം : രോഗം വന്നാൽ എല്ലാം വെട്ടിക്കളഞ്ഞാൽ മതിയോ?**

കൊടുത്ത വിഷയത്തോട് യോജിക്കുന്നവരും വിയോജിക്കുന്നവരും ആരെന്ന് കണ്ടെത്തിയശേഷം രണ്ടു വിഭാഗത്തിലെയും രണ്ട് ഗ്രൂപ്പുകൾ വീതം അവരുടെ അഭിപ്രായത്തിന് ആവശ്യമായ വാദങ്ങളും തെളിവുകളും കണ്ടെത്തട്ടെ.

സംവാദത്തിന് ഒരു മോഡറേറ്ററെ കുട്ടികളിൽ നിന്നുതന്നെ തിരഞ്ഞെടുക്കണം.

- ചർച്ച നിയന്ത്രിക്കുന്നയാളാണ് മോഡറേറ്റർ, ഒരു വിധികർത്താവല്ല
- മോഡറേറ്റർക്ക് സ്വന്തമായ നിലപാടുകളും അഭിപ്രായങ്ങളും ഉണ്ടാകാമെങ്കിലും ചർച്ചയിൽ പങ്കെടുക്കുന്ന എല്ലാവർക്കും തുല്യാവസരം നൽകണം
- ഇരുവിഭാഗവും ഉന്നയിച്ച പ്രധാന വാദങ്ങൾ ക്രോഡീകരിക്കണം, ഒപ്പം വാദങ്ങളെ തെളിവുകളുടെ പിൻബലത്തോടെ ശക്തമായതേത്, ദുർബലമായത് ഏത് എന്ന് ചൂണ്ടിക്കാണിക്കണം
- ഓരോ ഗ്രൂപ്പിൽ നിന്നും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടവർ നിലപാടുകൾ അവതരിപ്പിക്കട്ടെ. വാദങ്ങളെ പരസ്പരം ഖണ്ഡിക്കാനും മറുവാദങ്ങൾ അവതരിപ്പിക്കാനും അവസരം കൊടുക്കാം.

സംവാദത്തിൽ ഉന്നയിക്കപ്പെട്ട പ്രധാന വാദങ്ങൾ അധ്യാപിക അതത് സമയത്ത് രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കും. അധ്യാപിക ചർച്ചയിൽ ഗുണപരമായി ഇടപെടേണ്ടതുണ്ട്.

**ക്രോഡീകരണം**

* നിയമവ്യവസ്ഥ കർഷകന് അനുകൂലമാകണം
* മാനുഷികത പരിഗണിക്കണം
* പരിസ്ഥിതിസൗഹൃദപരമായ ജീവിതം
* കാർഷിക ക്ലിനിക്കുകൾ യഥാസമയം ലഭ്യമാക്കണം

## വിലയിരുത്തൽക്കുറിപ്പ്

മാർക്കോസ് എന്ന കഥാപാത്രത്തിന്റെ കൃഷിയെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് ഈ പ്രവർത്തനത്തിൽ വിശകലനം ചെയ്യേണ്ടത്. സന്ദർഭങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കണം. ഇത് പൊതുവായി അവതരിപ്പിച്ച് മെച്ചപ്പെടുത്തേണ്ടതാണ്.

- കുംഭത്തിൽ നട്ടാൽ കുടത്തോളം; മീനത്തിലായാൽ എൻ കണ്ണിനോളം മാത്രം
- എല്ലുകളുന്തി നിൽക്കുന്ന ആ ശരീരവും വളഞ്ഞ നട്ടെല്ലും ഒട്ടിയ കവിളും കുഴിഞ്ഞ കണ്ണും അർധനഗ്നമായ ശരീരവും ഒറ്റനോട്ടത്തിൽ തന്നെ അയാളെ ഒരു കൃഷിക്കാരനെന്നു വിളിച്ചുപറയും
- "എങ്കിൽ എന്റെ പൗലോച്ചനെയും ജോണിനെയും റാഹേലിനെയുമൊക്കെ അങ്ങ് വെട്ടിക്കളയുകയല്ലേ ഭേദം" എന്ന സന്ദർഭം
- 'അന്ത്യദിനത്തിൽ അയാൾ ഇതാ തന്റെ വിലയേറിയ കണ്ണീർത്തുള്ളികളും അതിന് നൽകുന്നു'
- 

കർഷകനെന്ന നിലയിൽ മാർക്കോസിന്റെ അറിവിനെക്കുറിച്ചുള്ള സൂചനയാണ് കഥാരംഭം. 1940കളിലെ മധ്യതിരുവിതാംകൂറിലെ കാർഷികജീവിതത്തെയും കൃഷിക്കാരന്റെ

അവസ്ഥയെയും കാണിക്കുന്നതാണ് മാർക്കോസ് ചേട്ടനെക്കുറിച്ചുള്ള വർണന. വാഴ വെട്ടുന്നത് മാർക്കോസിന് സ്വന്തം കുട്ടികളെ ഉപദ്രവിക്കുന്നതിന് തുല്യമാണ്. വാഴ കളെ സ്വന്തം മക്കളായി കാണുന്നു.

## കഥയരങ്ങ് നടത്താം

വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കഥയരങ്ങ് നടത്തുവാൻ കുട്ടികളെ പ്രാപ്ത രാക്കുകയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. കഥയരങ്ങിന് മൂന്ന് ഘട്ടങ്ങളുണ്ട്. ഓരോ പ്രവർത്തനത്തിന്റെയും ലക്ഷ്യം കുട്ടികളെ ചർച്ചയിലൂടെ ബോധ്യപ്പെടുത്തു ന്നത് അവരുടെ സജീവമായ പങ്കാളിത്തത്തിന് ഇടയാക്കും. ചുമതലാവിഭജനത്തിൽ ഭിന്നശേഷിയുള്ള കുട്ടികളെയും പരിഗണിക്കണം.

| കഥയരങ്ങിന് മുമ്പ് | കഥയരങ്ങ് | കഥയരങ്ങിന് ശേഷം |
|---|---|---|
| ചുമതലാ വിഭജനം | അവതരണം | പത്രവാർത്ത |
| കഥകൾ തിരഞ്ഞെടുക്കൽ | ചർച്ച | റിപ്പോർട്ട് |
| വിവരങ്ങൾ ശേഖരിക്കൽ | ക്രോഡീകരണം | |
| നോട്ടീസ് | കുറിപ്പെഴുതൽ | |
| പോസ്റ്റർ | വിലയിരുത്തൽ | |

## കഥകൾ

ശബ്ദിക്കുന്ന കലപ്പ - പൊൻകുന്നം വർക്കി
മാണിക്കൻ - ലളിതാംബിക അന്തർജനം
കൃഷിക്കാരൻ - തകഴി
അടയ്ക്കപെറുക്കുന്നവരോട് - സന്തോഷ് ഏച്ചിക്കാനം

## ആ വാഴവെട്ട്

കണ്ടും കേട്ടും അനുഭവിച്ചും പോന്ന കാര്യങ്ങൾ വൃത്തിയായി അടക്കിയൊതുക്കി പറയുന്ന രീതിയിലാണ് കഥാഖ്യാനം. റിയലിസ്റ്റ് എഴുത്തുകാർ അങ്ങനെയാണ്. യാഥാർഥ്യങ്ങൾ അതേരീതിയിൽ ആവിഷ്കരിക്കുന്നതാണ് അവർക്കിഷ്ടം. വെച്ചുകെട്ടും പൊലിപ്പിക്കലും ആഖ്യാനത്തെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നു. ഈ പ്രത്യേകത പൊൻകുന്നം വർക്കിയുടെ ആ വാഴവെട്ടിനെയും അത്യന്തം ശ്രദ്ധേയമാക്കുന്നു.

വാഴയ്ക്ക് രോഗം വ്യാപകമായതിനാൽ കൃഷിക്കാരനായ മാർക്കോസുചേട്ടന്റെ വാഴത്തോട്ടത്തിലെ കുലച്ചതും കുലയ്ക്കാത്തതുമായ വാഴകൾ വെട്ടാൻ അധികാരം ആജ്ഞാപിക്കുന്നു. അതിനെത്തുടർന്ന് കൃഷിക്കാരൻ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ തൻമയത്വത്തോടെ പറയുന്നു. ഇതാണ് കഥയുടെ പ്രമേയം എന്ന് പൊടുന്നനേ തോന്നാം. അത് കഥയെ മനസ്സിലാക്കി എന്നതിന്റെ സൂചനയാവില്ല. വാഴകൾക്ക് രോഗമുണ്ടെന്ന് പറയേണ്ടത് കൃഷിക്കാരനാണ്. അല്ലാതെ ഉദ്യോഗസ്ഥരല്ല. ഈ നിലപാട് മാർക്കോസ് ചേട്ടന്റേതാണ്. നല്ല കൃഷിക്കാരന് കൃഷി ചെയ്യുന്ന വസ്തുക്കളിലെ രോഗം തിരിച്ചറിയാനാകും. എന്നിട്ടും ഉദ്യോഗസ്ഥരുടെ നിർബന്ധത്തിന് മുന്നിൽ ആ കൃഷിക്കാരൻ കീഴടങ്ങി, നിശ്ശബ്ദനായി. തന്റെ 'അന്നന്നേപ്പ' മാണ് വാഴകൾ. വെട്ടിക്കളഞ്ഞില്ലെങ്കിൽ വെട്ടുന്ന കൂലിയും

താൻ തന്നെ കൊടുക്കേണ്ടിവരുമെന്നോർത്തപ്പോൾ അയാൾക്ക് വ്യസനം തോന്നി. അമർഷവുമുണ്ടായി. തന്റെ കൃഷിയിടത്തിൽ അറുപതോളം വാഴകളുണ്ട്. മനസില്ലാമനസോടെ വാഴവെട്ടാൻ തീരുമാനിക്കുന്നു. "എന്റെ പൗലോസിനേയും ജോണിനേയും റാഹേലിനേയും എല്ലാം വെട്ടിക്കളയുന്നതിന് തുല്യം" എന്ന വാക്യം വായിക്കുമ്പോൾ മനുഷ്യപ്പറ്റിനെക്കുറിച്ചും നാം ചിന്തിച്ചു പോവുന്നു. മനുഷ്യനോടുള്ള സ്നേഹം പോലെ ഓരോ കൃഷിക്കാരനും അവൻ കൃഷി ചെയ്യുന്നവകളെ സ്നേഹിക്കുന്നു. വെട്ടുക എന്ന ക്രിയ ചെന്നുകൊള്ളുന്നത് കൃഷിക്കാരന്റെ ആത്മവിശ്വാസത്തിൻമേലാണ് താനും.

വെട്ടരിവാൾ ഉപയോഗിച്ചുകൊണ്ടുള്ള ആദ്യത്തെ വെട്ട് 'വാഴപ്പിണ്ടിക്കഷണത്തിൽ പിന്നിട്ടശേഷം' മാർക്കോസിന്റെ ഇടത്തെ കാൽമുട്ടിൽ ചെന്ന് കൊണ്ടു. അയാൾ വീണു. ആ കാഴ്ചയും പുരയിടം മരുഭൂമിയായതും സഹിക്കാൻ മകൾ റാഹേലിന് കഴിഞ്ഞില്ല. അവൾ പറഞ്ഞു. 'എന്റെ പിതാവിനും രോഗമുണ്ട്. അദ്ദേഹത്തെക്കൂടി നിങ്ങൾ വെട്ടിമൂടുക'. പിതാവിനെ സ്നേഹിക്കുകയും അവശ്യബോധത്തിന് അനുസരിച്ച് പെരുമാറുകയും ചെയ്യുന്ന മകളുടെ വേദനകൂടി കൃഷിക്കാരൻ അറിയുന്നു. പരിഷ്കാരികളായ യുവത്വവുമായി അവൾ തട്ടിക്കയറിയപ്പോൾ ആ ശബ്ദം മരം കേറിയുടേതായി ഉദ്യോഗസ്ഥർ വിലയിരുത്തിയതായും കഥാകാരൻ സൂചിപ്പിക്കുന്നു.

ആദ്യവെട്ട് മാർക്കോസുചേട്ടന്റെ ശരീരത്തിൽ ചെന്നുകൊണ്ടതിൽ വലിയ ധ്വന്യാത്മകതയുണ്ട്. അരിവാൾ ചുണ്ട് കർഷകന്റെ ഇടത്തേ കാൽമുട്ടിലേക്ക് കുതിച്ചു എന്നാണ് പ്രയോഗം. ചെറുകഥയുടെ യഥാർത്ഥ പൊരുളിലെത്താൻ അത് സഹായകമാകുന്നു. 'നല്ല കർഷകനെ' നിർവചിക്കാൻ കഥാകാരൻ നടത്തുന്ന അന്വേഷണത്തിന്റെ അടയാളപ്പെടുത്തൽ കൂടിയാണ് അത്. ഒപ്പം കാലവും സമൂഹവും വ്യവസ്ഥിതിയും ആഖ്യാനം ചെയ്യുന്നു. എല്ലുമുറിയെ പണിയെടുക്കുന്നവൻ മാത്രമാണോ നല്ല കർഷകൻ? അല്ല. കാലത്തിന്റേയും പ്രകൃതിയുടേയും മാറ്റം അയാൾക്ക് സ്പർശിച്ചറിയാൻ കഴിയും. കുംഭമാസത്തിലെ വെളുത്തവാവിൻ നാൾ ചേനനട്ടാൽ ചന്ദ്രനോളം മുഴുപ്പുണ്ടാകുമെന്ന് മാർക്കോസ് ചേട്ടൻ പറയുന്നു. വാഴത്തൈകൾക്ക് രോഗം വരുന്നത് ആദ്യം തിരിച്ചറിയുന്നത് കർഷകനാണ്, പുറത്തുള്ളവരല്ല. പുതിയ പരിഷ്കൃതകാലത്തിന്റെ, അധികാരത്തിന്റെ വ്യക്തികൾക്ക് ഈ കർഷകനെ അറിയില്ല. നിലാവ് മാവിനെ ചതിക്കുമെന്ന കഥ മാർക്കോസ് വായനക്കാർക്ക് പകർന്നുനൽകുന്നതും ഈ പശ്ചാത്തലത്തിലാണ്.

മണ്ണും പ്രകൃതിയും അറിഞ്ഞുപ്രവർത്തിക്കുന്നവൻ ആറ്റംബോംബ് യുഗത്തിലെ കൃഷിക്കാരനല്ല. അത് കൃഷിക്കാരൻ മനസ്സിലാക്കുന്ന രാഷ്ട്രീയത്തിന്റെ സൂചനയാണ്. ചുരുക്കിപ്പറഞ്ഞാൽ മാർക്കോസ് ചേട്ടൻ എന്ന കഥാപാത്രത്തിലൂടെ രണ്ടുകാലത്തെ പൊൻകുന്നം വർക്കി അഭിസംബോധന ചെയ്യുന്നു. മാറിവരുന്ന കർഷകസംസ്കാരത്തെയും അഭിസംബോധന ചെയ്യുന്നു.

ഇന്ന് കൃഷി അധികാരത്തിന്റെ ഭാഗമായി. പോയകാലത്ത് കൃഷിക്കാരന്റെ മനസ്ഥിതിയാണ് കൃഷിയെ നിയന്ത്രിച്ചിരുന്നത്. ബാഹ്യഇടപെടലുകൾ ഇല്ലായിരുന്നു. വാഴവെട്ട് കൃഷിയെന്ത് എന്നറിയാത്തവരുടെ പദ്ധതിയാണ്. യഥാർത്ഥ കൃഷിക്കാരനെ നിർവചിക്കേണ്ട ബാധ്യത പുതിയ പരിഷ്കൃത സമൂഹത്തിൽ കഥാകാരൻ തിരിച്ചറിയുന്നു.

***ബാലചന്ദ്രൻ വടക്കേടത്ത്, നിരൂപകൻ***

## എണ്ണ നിറച്ച കരണ്ടി

പൗലോ കൊയ്‌ലോയുടെ പ്രസിദ്ധ നോവലായ 'ദ ആൽക്കെമിസ്റ്റി'ലെ ഒരു ഭാഗമാണ് 'എണ്ണ നിറച്ച കരണ്ടി'. ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിക്കുമ്പോഴും മൂല്യങ്ങൾ മനസിലുണ്ടായിരിക്കണം. അതാണ് സന്തോഷത്തിന്റെ രഹസ്യം. ഈ ഗുണപാഠമാണ് പ്രസ്തുത നോവൽ ഭാഗത്തിന്റെ കാതൽ. ഒരു സ്വപ്ന ദർശനത്തിന്റെ പ്രേരണയിൽ സാന്റിയാഗോ എന്ന ഇടയബാലൻ നടത്തുന്ന യാത്ര യാണ് ആൽക്കെമിസ്റ്റ് എന്ന നോവലിൽ ചിത്രീകരിക്കുന്നത്. ആ സ്വപ്നത്തിന്റെ അർഥം കണ്ടെത്താൻ അവൻ ശ്രമങ്ങൾ നടത്തുന്നു. തന്റെ യാത്രയ്ക്കിടയിൽ ചിത്രശലഭം, ജിപ്സി, സ്ത്രീ, വൃദ്ധൻ തുടങ്ങി പലരേയും സാന്റിയാഗോ കണ്ടുമുട്ടുന്നു. ഇതിൽ വൃദ്ധൻ പറഞ്ഞുകൊടുത്ത കഥയാണ് പാഠഭാഗം.

സ്വാതന്ത്ര്യം ഇരുതലമൂർച്ചയുള്ള വാളാണ്. നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യം ആനന്ദം തരുന്നുണ്ടോ? ഇതിനെക്കുറിച്ചാണ് വൃദ്ധന്റെ കഥ. സന്തോഷത്തിന്റെ രഹസ്യമറിഞ്ഞു വരാൻ ഒരു കച്ചവടക്കാരൻ അയാളുടെ മകനെ അക്കാലത്തെ ഏറ്റവും പ്രശസ്തനായ ജ്ഞാനിയുടെ അരികിലേക്ക് അയച്ചു. 40 ദിവസം അലഞ്ഞുനടന്ന അവൻ ജ്ഞാനി യുടെ കൊട്ടാരം കണ്ടുപിടിച്ചു. അവൻ പ്രതീക്ഷിച്ചതിൽ നിന്നും വ്യത്യസ്തമായ സ്ഥലവും അനുഭവവുമാണ് അവിടെയുണ്ടായത്. ജ്ഞാനി മുനി ആയിരുന്നില്ല. കൊട്ടാ രത്തിലേത് ഉൽസവാന്തരീക്ഷമായിരുന്നു. ഒരു മേശപ്പുറത്ത് രുചികരമായ വിഭവങ്ങൾ, മറ്റൊരു സ്ഥലത്ത് ഗാനമേള, കച്ചവടക്കാർ വന്നുപോകുന്നു, ആളുകൾ ഉൽസാഹ ത്തോടെ സംസാരിച്ചുനിൽക്കുന്നു. ജ്ഞാനി ഓരോരുത്തരോടും സംസാരിച്ചുനിൽക്കു ന്നതിനാൽ അദ്ദേഹത്തോടു സംസാരിക്കാൻ രണ്ടു മണിക്കൂർ കാത്തുനിൽക്കേണ്ടിവ ന്നു. രണ്ട് തുള്ളി എണ്ണ നിറച്ച കരണ്ടി കൈയിൽപ്പിടിച്ച് കൊട്ടാരത്തിലെ കാഴ്ചകൾ കണ്ടുവരാൻ ജ്ഞാനി അവനോട് പറഞ്ഞു. എന്നാൽ എണ്ണ തുളുമ്പാതെ സൂക്ഷിച്ച് നടന്നതുകൊണ്ട് കൊട്ടാരത്തിലെ ഭംഗികൾ അവന് ആസ്വദിക്കാൻ കഴിഞ്ഞില്ല. കൊട്ടാ രത്തിന്റെ സൗന്ദര്യം നന്നായി കണ്ടുവരാൻ ജ്ഞാനി അവനോട് വീണ്ടും ആവശ്യപ്പെ ട്ടു. ഇത്തവണ ഉദ്യാനത്തിലെ പൂക്കളും ചിത്രപ്പണികളുമെല്ലാം അവൻ നന്നായി ആസ്വ ദിച്ചു. എന്നാൽ കരണ്ടിയിലെ എണ്ണ മുഴുവൻ നഷ്ടപ്പെട്ടിരുന്നു.

ജീവിതത്തെക്കുറിച്ചുള്ള പ്രധാനപ്പെട്ട ഒരു തത്വചിന്തയാണ് ഈ ഭാഗത്ത് ഇതൾവിരി യുന്നത്. യഥാർത്ഥത്തിൽ ജീവിതത്തിലെ സന്തോഷം എന്താണെന്ന് ഈ നോവൽഭാ ഗത്തുണ്ട്.

### പവർത്തനവിശകലനം

**വിസ്മയദൃശ്യങ്ങൾ**

*ഊഹിച്ചുപറയാം*

സന്യാസിയുടെ ആശ്രമം എന്ന വാക്യം അധ്യാപകൻ ബോർഡിൽ പ്രദർശിപ്പിക്കുന്നു.

സന്യാസിയുടെ ആശ്രമത്തെക്കുറിച്ച് കുട്ടികൾക്കുള്ള മുൻധാര ണകൾ കുറിക്കാൻ ആവശ്യപ്പെടുന്നു.

സന്യാസിയുടെ
വേഷം
ആശ്രമപരിസരം
ഗുരുകുലവിദ്യാ ഭ്യാസം

കുറിച്ച കാര്യങ്ങൾ അവതരിപ്പിക്കുന്നു. അധ്യാപിക ക്രോഡീക രിക്കുന്നു.

പാഠം മൗനമായി വായിക്കട്ടെ.

ജ്ഞാനിയുടെ കൊട്ടാരത്തിനകത്ത് സാന്റിയാഗോയെ വിസ്മയിപ്പിച്ച ദൃശ്യങ്ങൾ

എന്തൊക്കെയാണെന്ന് കുട്ടികൾ ഗ്രൂപ്പുകളായി കണ്ടെത്തുന്നു. ഗ്രൂപ്പിലൊരാൾ വീതം അവതരിപ്പിക്കുന്നു. മറ്റുള്ളവർ വിലയിരുത്തുന്നു.

മുകളിൽ കണ്ടെത്തിയ കാര്യങ്ങളും പാഠഭാഗത്തെ അവസ്ഥയും തമ്മിലുള്ള താരതമ്യം ക്ലാസിൽ നടക്കണം.

- തിരക്കുള്ള സ്ഥലം, പലതരത്തിലുള്ള ആളുകൾ വരുന്നു, പോകുന്നു
- ഒരു ഭാഗത്ത് ഗാനമേള
- സമൃദ്ധമായ വിരുന്നുമേശയിൽ തളികകൾ നിറച്ച് ആസ്വാദ്യമായ വിഭവങ്ങൾ
- ഊൺമുറിയിലെ തിരശീലകൾ പേർഷ്യയിലാണ് നെയ്തത്.
- പത്തുവർഷമെടുത്തുണ്ടാക്കിയ സുന്ദരമായ ഉദ്യാനം. ചുറ്റുമുള്ള മലനിരകൾ, എല്ലാത്തരത്തിലും നിറത്തിലുമുള്ള പൂക്കൾ
- മൃദുലമനോഹരമായ തുകൽത്താളുകൾ ഉള്ള ഗ്രന്ഥപ്പുര
- തട്ടിലും ചുമരിലും മനോഹരമായ കലാസൃഷ്ടികൾ
- കുട്ടികളുടെ സന്യാസിയും പാഠത്തിലുള്ള സന്യാസിയും വ്യത്യസ്തമാണ്.
- കണ്ടെത്തിയ കാര്യങ്ങൾ കുറിപ്പാക്കുന്നു.

## താരതമ്യക്കുറിപ്പ്

സമാനാശയമോ വിരുദ്ധാശയമോ ഉൾക്കൊള്ളുന്ന രചനകൾ താരതമ്യം ചെയ്യാനുള്ള ശേഷി കുട്ടികളിൽ വളരാനുള്ള പ്രവർത്തനമാണിത്.

വൈലോപ്പിള്ളിയുടെ വരികൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. വരികളും പാഠഭാഗവും ഗ്രൂപ്പുകളായി താരതമ്യം ചെയ്യട്ടെ. പൊതുവായി അവതരിപ്പിച്ച് വിലയിരുത്തി മെച്ചപ്പെടുത്തി എഴുതാം.

- മൂല്യങ്ങൾ മനസിൽ സൂക്ഷിക്കുന്നതിനെക്കുറിച്ചാണ് രണ്ടിലും സൂചിപ്പിക്കുന്നത്

- ഓരോരുത്തരുടെയും സ്വപ്നങ്ങൾക്കനുസരിച്ച് ജീവിതം ആസ്വദിക്കാം. അപ്പോഴും മൂല്യങ്ങളും സംസ്കാരവുമൊക്കെ മനസ്സിലുണ്ടാവണം. എങ്കിലേ യഥാർഥ സന്തോഷം സാധ്യമാകൂ എന്ന് ആൽക്കെമിസ്റ്റിൽ പറയുന്നു.

- നഗരവൽക്കരണവും സാങ്കേതികതയും നിറഞ്ഞുനിൽക്കുന്ന പുതിയ ലോകത്ത് ജീവിക്കുമ്പോഴും ഗ്രാമത്തിന്റെ നൻമയും വിശുദ്ധിയും മണവും സ്നേഹബന്ധങ്ങളും മനസ്സിൽ സൂക്ഷിക്കണം എന്ന് 'വിഷുക്കണി'യിൽ വൈലോപ്പള്ളി സൂചിപ്പിക്കുന്നു. പുതിയ തലമുറയ്ക്ക് പ്രത്യാശ കൊടുക്കുന്നതോടൊപ്പം ജീവിതമൂല്യത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും ഓർമപ്പെടുത്തുകയാണ് കവി.

- ഗദ്യഭാഗത്ത് കരണ്ടിയും എണ്ണയും പ്രതീകമാകുമ്പോൾ കവിതയിൽ കൊന്നപ്പൂവാണ് പ്രതീകം. ധൂസരസങ്കൽപ്പം, ഗ്രാമത്തിന്റെ വെളിച്ചം എന്നീ പ്രതീകങ്ങൾ കവിതയ്ക്ക് പുതിയമാനം നൽകുന്നു.

- കൊന്നപ്പൂ പുതുവർഷത്തിന്റെ, പ്രത്യാശയുടെ പ്രതീകമാണ്. എണ്ണയ്ക്ക് സ്നേഹമെന്നും അർഥമുണ്ട്. മനസ്സിന്റെ സ്നിഗ്ധതയും നൈർമല്യവുമാണ് കരണ്ടിയിലെ എണ്ണ എന്ന പ്രതീകം ഓർമിപ്പിക്കുന്നത്. ഭ്രമിപ്പിക്കുന്ന പുറംകാഴ്ചകളിലും സുഖഭോഗങ്ങളിലും മുങ്ങുമ്പോഴും കൊച്ചുമനസ്സിലെ ഇത്തിരവെട്ടം സൂക്ഷിക്കുക. നഗരം നമ്മെ വളയുമ്പോഴും കൊന്നപ്പൂവിന്റെ വിശുദ്ധിയും പ്രതീക്ഷയും കരുതിവയ്ക്കുക.

## പട്ടിക പൂർത്തിയാക്കുക

ക്രിയാരൂപങ്ങൾ പരിചയപ്പെടുത്തുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം. അതിനായി എണ്ണ നിറച്ച കരണ്ടി, ആ വാഴവെട്ട് എന്നീ ഗദ്യഭാഗങ്ങളിലുള്ള പരമാവധി ക്രിയാപദങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ. അതിൽനിന്ന് പൂർണക്രിയകളും അപൂർണ ക്രിയകളും വേർതിരിച്ച് എഴുതട്ടെ.

ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു

- വാക്യത്തെ പൂർണമാക്കുന്ന ക്രിയകൾ ഏതൊക്കെ
- ക്രിയയുടെയോ നാമത്തിന്റേയോ കൂടെ നിൽക്കുന്ന ക്രിയകൾ ഏതൊക്കെയാണ്

| ക്രിയയോടു ചേർന്ന് നിൽക്കുന്ന അപൂർണ ക്രിയ | നാമത്തോടു ചേർന്ന് നിൽക്കുന്ന അപൂർണ ക്രിയ |
|---|---|
| കണ്ടിട്ട് വരൂ | പിടിച്ച സ്പൂൺ |
| കഴിഞ്ഞ് വരൂ | പഠിച്ച പാഠം |
| എടുത്ത് നീട്ടി | പറഞ്ഞ കഥ |
| നടന്ന് കണ്ടു | പൊള്ളുന്ന വെയിൽ |
| പറഞ്ഞ് കേൾപ്പിച്ചു | വെന്ത അരി |

രണ്ടാമത്തെ കോളത്തിൽ കൊടുത്തിരിക്കുന്നവ മാത്രമേ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയൂ.

- മറ്റൊരു പദത്തോട് ചേർന്നുനിൽക്കുന്ന ക്രിയ അപൂർണക്രിയ.
- അപൂർണക്രിയയും പൂർണക്രിയയും ചേർത്ത് പ്രയോഗിക്കുമ്പോൾ ഒടുവിൽ വരുന്നതാണ് പൂർണക്രിയ. വാക്യത്തിന്റെ ആശയം അവസാനിക്കുന്നിടത്താണ് പൂർണക്രിയ ചേർക്കുന്നത്.
- അപൂർണക്രിയ രണ്ടുവിധമുണ്ട്. നാമങ്ങളോട് ചേർന്നുനിൽക്കുന്നതും ക്രിയയോട് ചേർന്നുനിൽക്കുന്നതും.

**ക്രിയ**

ഒരു പ്രവൃത്തിയെ അല്ലെങ്കിൽ വ്യാപാരത്തെ കുറിക്കുന്ന ശബ്ദമാണ് ക്രിയ.

കുട്ടി പാടുന്നു (പ്രവൃത്തി)

കുട്ടി ഉറങ്ങുന്നു (അവസ്ഥ)

**മുറ്റുവിന - പറ്റുവിന**

മുറ്റുവിന, പറ്റുവിന എന്ന് ക്രിയയെ രണ്ടായി തിരിച്ചിരിക്കുന്നു. പൊതിഞ്ഞുകെട്ടി, പറഞ്ഞുകൊടുത്തു എന്നീ ക്രിയാരൂപങ്ങൾ നോക്കുക. കെട്ടി എന്ന പൂർണക്രിയയെ ആശ്രയിച്ചാണ് പൊതിഞ്ഞ് എന്ന അപൂർണ ക്രിയ നിൽക്കുന്നത്. കൊടുത്തു എന്ന പൂർണക്രിയയെ ആശ്രയിച്ച് പറഞ്ഞ് എന്ന അപൂർണക്രിയയും നിൽക്കുന്നു. പ്രധാന ക്രിയയ്ക്ക് മുറ്റുവിന എന്നും അപൂർണക്രിയയ്ക്ക് പറ്റുവിന എന്നും പറയുന്നു. പറ്റുവിനയെ പേരെച്ചം, വിനയെച്ചം എന്ന് രണ്ടായി തിരിക്കാം.

**പേരെച്ചം - വിനയെച്ചം**

ഒരു നാമത്തിന് കീഴടങ്ങി നിൽക്കുന്ന അപൂർണക്രിയയാണ് പേരെച്ചം.
ഉദാ: വരുന്നയാൾ, കൊല്ലുന്ന രാജാവ്, തിന്നുന്ന മന്ത്രി

ഒരു പൂർണക്രിയയ്ക്ക് കീഴടങ്ങുന്ന അപൂർണക്രിയയാണ് വിനയെച്ചം
ഉദാ: കാണാൻ പോയി, കിടന്നുറങ്ങി, കാണെത്തല്ല

## പുറന്താൾ കുറിപ്പ്

പുറന്താൾ കുറിപ്പ് എന്ന വ്യവഹാരരൂപം പരിചയപ്പെടുത്തുന്നതിനുള്ള പ്രവർത്തനമാണിത്. പുറന്താൾ കുറിപ്പിന്റെ വ്യത്യസ്ത മാതൃകകൾ പരിചയപ്പെടാൻ കുട്ടികൾക്ക് അവസരം നൽകണം. സ്വന്തമായ ഒരു പുറന്താൾക്കുറിപ്പ് കുട്ടികൾ തയാറാക്കട്ടെ.

* എഴുത്തുകാരൻ, പ്രസാധകൻ, പ്രസ്ഥാനം, വില എന്നിവ ഉൾപ്പെടുത്തണം
* പ്രധാന ആശയം, ശ്രദ്ധേയമായ ഭാഗങ്ങൾഎന്നിവ കൊടുക്കണം
* നിരൂപകരുടെ അഭിപ്രായങ്ങൾ എടുത്തുകൊടുക്കാവുന്നതാണ്
* സംക്ഷിപ്തത
* ആകർഷകത്വം
* കൃതി വായിക്കാൻ പ്രേരിപ്പിക്കാനുതകണം.

## കുറിപ്പ് തയാറാക്കാം

കഥയിലെ സന്യാസി എന്ന വിഷയത്തിൽ ക്ലാസിൽ ഒരു പൊതുചർച്ച സംഘടിപ്പിക്കാം

പാഠഭാഗത്തിന്റെ പ്രധാന ഊന്നൽ മനസിലാക്കുന്നതിനുള്ള സൂചനകൾ അധ്യാപകന് നൽകാവുന്നതാണ്.

സന്യാസി സാന്റിയാഗോയ്ക്ക് നേരിട്ട് ജീവിതതത്വം ഉപദേശിക്കാത്തത് എന്തുകൊണ്ട്?

* കണ്ടെത്തൽ രീതിയാണ് സന്യാസി അവലംബിക്കുന്നത്
* ആകാംക്ഷയുണർത്തുന്ന ചോദ്യങ്ങൾ ചോദിക്കുന്നു
* ജ്ഞാനിയുടേത് മനഃശ്ശാസ്ത്രപരമായ സമീപനമാണ്
* ജീവിതത്തെക്കുറിച്ചുള്ള ആഴത്തിലുള്ള ധാരണയിൽ നിന്നാണ് തത്വങ്ങൾ രൂപപ്പെടുന്നത്

### എണ്ണ നിറച്ച കരണ്ടി – ആസ്വാദനം

ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും അനുഭവിക്കുമ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടുതുള്ളി എണ്ണയും മനസിലുണ്ടായിരിക്കണമെന്നും അതാണ് സ്നേഹത്തിന്റെ രഹസ്യമെന്നും ജ്ഞാനിയായ വൃദ്ധൻ പറയുന്നത്, വാസ്തവത്തിൽ വിഖ്യാത ബ്രസീലിയൻ എഴുത്തുകാരൻ പൗലോ കൊയ്ലോയുടെ ദി ആൽക്കെമിസ്റ്റ് എന്ന പ്രശസ്തകൃതിയിലെ താക്കോൽ വാചകം തന്നെയാണ്. ജീവിതത്തിന്റെ സാരവും സത്തയും അന്വേഷിക്കുന്ന ഒരു രചനയായി ആൽക്കെമിസ്റ്റ് പരിണമിക്കുന്നത്, സാന്റിയാഗോ എന്ന ആട്ടിടയന്റെ നിധി തേടിയുള്ള പ്രതീകാത്മക യാത്രയിലൂടെയാണ്. പല അടരുകളിൽ അർത്ഥം ഒളിപ്പിച്ചു വെക്കുമ്പോഴും ഏറ്റവും സരളവും ഋജുവുമായ ഒരു മാന്ത്രികാഖ്യാനം പൗലോ കൊയ്ലോ ആൽക്കെമിസ്റ്റിൽ സാധിച്ചെടുത്തു എന്ന വസ്തുതയാണ്, ലോകവ്യാപകമായി വിവർത്തനം ചെയ്യപ്പെടുന്ന ഒരു 'അൽഭുത ബെസ്റ്റ് സെല്ലറാ'ക്കി ഈ പോർച്ചുഗീസ് കൃതിയെ മാറ്റുന്നത്.

പ്രപഞ്ചം നമ്മോട് സ്വപ്നങ്ങളുടെയും നിമിത്തങ്ങളുടെയും ആകസ്മികതകളുടെയും രൂപത്തിൽ സംവദിച്ചുകൊണ്ടിരിക്കുന്നു എന്ന തീവ്രബോധം 'ആൽക്കെമിസ്റ്റ്' എന്ന കൃതിയിലുടനീളം എഴുത്തുകാരൻ സന്നിവേശിപ്പിക്കുന്നുണ്ട്. സ്പെയിനിൽ ആട്ടിൻപറ്റങ്ങളെ മേച്ചുനടക്കുകയും ഉപേക്ഷിക്കപ്പെട്ട ഒരു പള്ളിക്കരികിൽ സൈക്കമോർ മരത്തിനുകീഴിൽ രാത്രി കഴിച്ചുകൂട്ടുകയും ചെയ്യുന്ന സാന്റിയാഗോ എന്ന ആട്ടിടയൻ തുടർച്ചയായി കാണുന്ന വലിയ ഒരു 'നിധിസ്വപ്ന'മാണ് യഥാർത്ഥത്തിൽ അവനെ കത്തിച്ചുവിടുന്നത്. സ്വപ്നത്തിൽ ഒരു ചെറിയ കുട്ടിയാണ് ആയിരക്കണക്കിന് മൈലുകൾക്കപ്പുറമുള്ള ഈജിപ്ഷ്യൻ പിരമിഡിനരികിൽ അങ്ങനെ ഒരു നിധി കാണിച്ചുകൊടുക്കുന്നത്. തന്റെ സ്വപ്നത്തെക്കുറിച്ച് പറയുമ്പോൾ ജ്ഞാനവൃദ്ധൻ സാന്റിയാഗോയ്ക്ക് നൽകുന്ന സൂചനകളും ദിശാബോധവും ഈ കൃതിയിൽ സുപ്രധാനമാണ്. ലോകത്ത് ഏതൊരു മനുഷ്യനേയും അവന്റെ 'വൈയക്തികലക്ഷ്യം' അഥവാ 'സ്വകാര്യവും ഐതിഹാസികവുമായ സ്വപ്നം' (Personal Legend) വളരെ ചെറുപ്പത്തിൽത്തന്നെ ഉണർത്തുന്നുണ്ടെന്നും ഹൃദയത്തിന്റെ ആ വിളിയെ ധീരമായും ദൃഢമായും പിൻപറ്റുകയെന്നതാണ്, ആ സ്വപ്നസാക്ഷാത്ക്കാരത്തിനുള്ള ഏക വഴിയെന്നുമാണ് വൃദ്ധൻ വെളിപ്പെടുത്തുന്നത്. മനുഷ്യന്റെ സ്വകാര്യസത്തയും ലക്ഷ്യവും വിധിയും സ്വപ്നവും ഒന്നായിത്തീരുന്ന ആവിഷ്കാരത്തിന്റെ ഈ സവിശേഷതലം, വലിയ അർഥത്തിൽ ആത്മ/ആത്മീയസാക്ഷാത്ക്കാരം തന്നെയാണ്. അതുതന്നെയാണ് യഥാർഥ നിധിയും. എഴുത്തുകാരൻ നാന്ദിയായി (Prologue) കുറിച്ചിട്ടുള്ള നാർസിസത്തിന്റെ ആത്മാനുരാഗത്തെ നിഷ്പ്രഭമാക്കുന്ന തടാകത്തിന്റെ ആത്മരതിയെക്കുറിച്ചുള്ള പുതുകഥ, ആത്മരതിയിൽ നിന്ന് ആത്മബോധത്തിലേക്കുള്ള ഈ സങ്കീർണയാത്രയേയും ദൂരത്തേയും എത്ര കൃത്യമായാണ് സൂചിപ്പിക്കുന്നതെന്ന് ഓർമിക്കുക!

നേടുന്ന തൊഴിൽ, സമ്പാദിക്കുന്ന ധനം, അനുഭവിക്കുന്ന ഗാഢപ്രണയം എന്നിവയെല്ലാം തൃജിച്ചുകൊണ്ടാണ് സാന്റിയാഗോ യാത്ര തുടരുന്നത്. രണ്ടുതവണ പിന്തിരിയാനുള്ള മാനസികാവസ്ഥ ഉണ്ടാകുമ്പോഴും അത് മറികടക്കാൻ അവന് കഴിയുന്നുണ്ട്. സ്പെയിനിൽ നിന്ന് ആഫ്രിക്ക വഴി ഈജിപ്റ്റിലെത്താൻ സാന്റിയാഗോ താണ്ടുന്ന മരുഭൂമി ഒരർഥത്തിൽ ഐഹികജീവിതത്തിന്റേതു തന്നെയാണെന്ന് കാണാം. ഒരാൾ എപ്പോഴാണ്, എങ്ങനെയാണ്, എന്ത് കിട്ടിയാലാണ്, ആത്യന്തികമായി സന്തുഷ്ടനും സ്വസ്ഥനുമാകുകയെന്ന തത്വചിന്താപരമായ ഗഹന ചോദ്യത്തിന്റെ ലളിതവും സരളവുമായ ഉത്തരമാകാനാണ് ഒരർഥത്തിൽ ആൽക്കെമിസ്റ്റ് എന്ന കൃതി തുനിയുന്നത്. ആദ്യം സൂചിപ്പിച്ചതുപോലെ ഈ രചന ഒരു സ്വപ്നശൃംഖലയായി നിലനിൽക്കുന്നത്. മനുഷ്യൻ അവന്റെ ലക്ഷ്യവും വിധിയും തിരിച്ചറിയുന്നതിനുള്ള പ്രപഞ്ചഭാഷ സ്വപ്നങ്ങളോ നിമിത്തങ്ങളോ ആണെന്ന നിലയ്ക്കാണ്. സാന്റിയാഗോ കാണുന്ന സ്വപ്നം മുതൽ പിന്നീട് ഈജിപ്റ്റിലെ കൊള്ളക്കാർ സ്പെയിനിലെ ഉപേക്ഷിക്കപ്പെട്ട പള്ളിക്കരികിൽ കാണുന്ന നിധി സ്വപ്നം വരെ അതിനുദാഹരണങ്ങളാണ്. അതുപോലെ സാന്റിയാഗോ യാത്രയ്ക്കിടയിൽ കണ്ടുമുട്ടുന്ന വൃദ്ധനും ജിപ്സി സ്ത്രീയും ആൽക്കെമി തേടുന്ന ഇംഗ്ലീഷുകാരനും ആൽക്കെമിസ്റ്റുമെല്ലാം പലരീതിയിൽ ഗൂഢഭാഷകൾ പേറുന്നവരും അത് അനാവരണം ചെയ്യാൻ ശ്രമിക്കുന്നവരുമാണ്. ചുരുക്കത്തിൽ ആത്മബോധം എന്നത് ആത്മനിഷ്ഠവും ആപേക്ഷികവുമായ ഒന്നാണെന്നുകൂടി പറയാതെ പറയുകയാണിവിടെ. തന്റെ ഇടത്തുതന്നെയുണ്ടായിരുന്ന നിധിതേടിയായിരുന്നു താനിതുവരെയും യാത്ര ചെയ്തത് എന്ന സാന്റിയാഗോയുടെ തിരിച്ചറിവ് ഒരർഥത്തിൽ കസ്തൂരി തേടിയുള്ള കസ്തൂരിമാനിന്റെ അന്വേഷണത്തെ ഓർമിപ്പിക്കുന്നതാണ്. മനുഷ്യന്റെ സ്വാർഥത ഉദാത്തീകരിക്കപ്പെടുന്നതിന്റെയും അത് ഉന്നതമായ ആത്മാവബോധത്തിലെത്തുന്നതിന്റെയും ക്രമാനുഗതമായ പരിണാമത്തിന് സമാനമായ

ഒന്നുതന്നെയല്ലേ ഭൗതികലോകത്തിൽ/ലോകത്തിൽ സർവലോഹങ്ങളെയും സ്വർണമാക്കി മാറ്റുന്ന ആൽക്കെമിയുടെ രാസപ്രക്രിയയിലുമുള്ളത്?! സചേതനവും അചേതനവുമായ എല്ലാറ്റിനും ഈ ലോകത്ത് മൗലികമായ സത്തയും സ്വപ്നവുമുണ്ടെന്ന കൗതുകകരമായ ഓർമപ്പെടുത്തൽ ആൽക്കെമിസ്റ്റ് എന്ന രചനയുടെ ജീവസ്പന്ദം തന്നെയാണ്. ഒരു ലോഹം സ്വർണമായി പരിണമിക്കാനിടയാകുന്നതു തന്നെ ആ ലോഹത്തിനുള്ളിൽ ഉറങ്ങുകൂടിയിട്ടുള്ള തീവ്രേച്ഛ മൂലമാണെന്ന നോവലിലെ നിരീക്ഷണം ഈ സന്ദർഭത്തിൽ പ്രത്യേകം ഓർക്കാം.

ലോകത്തിന്റെ ആത്മാവ്– 'സോൾ ഓഫ് ദി വേൾഡ്'–എല്ലാ ജീവജാലങ്ങളെയും സസ്യലോകങ്ങളെയും ജീവനില്ലാത്ത പാറകളെപ്പോലും ആനന്ദപൂർവം സമന്വയിപ്പിക്കുന്നുവെന്ന സന്ദേശം കൃതിയിൽ നക്ഷത്രം പോലെ തിളങ്ങിനിൽക്കുന്നുണ്ട്. പോരാളികളായ ഗോത്രവർഗക്കാർക്കു മുമ്പിൽ ഒരു കാറ്റായി മാറാൻ സാന്റിയാഗോയ്ക്ക് കഴിയുന്നത്, അവൻ ഈ ലോകത്തിന്റെ ആത്മാവിനെ ശ്രവിച്ചുതുടങ്ങുമ്പോഴത്രെ! അതുകൊണ്ടുതന്നെ മനുഷ്യർക്കിടയിലെ മതവർഗവംശവിഭിന്നതകൾ സാന്റിയാഗോയുടെ അന്വേഷണയാത്രയ്ക്കിടിയൽ നേർത്തുവരികയും, ലോകത്തിന്റെ ആത്മാവിനോട് ഉന്മുഖമാകുന്ന ഉജ്ജ്വമായ ഒരു മാനവബോധത്തെയും പ്രപഞ്ചബോധത്തെയും അവന്റെ യാത്ര അർഥപൂർണമായി പുൽകുകയും ചെയ്യുന്നു. ഈ കൃതി സൃഷ്ടിക്കുന്ന വ്യാഖ്യാനത്തിന്റെ മഹത്തായ ആകാശവും അതുതന്നെ ആകുമ്പോഴാണ് രചനയ്ക്ക് ഒരു ചിരംജീവിതം കൈവരുന്നത്.

ആത്മീയതയെയും തത്വചിന്തയെയുമെല്ലാം അമിതമായ ലളിതവൽക്കരിക്കുന്നു എന്നതാണ് പൗലോ കൊയ്‌ലോ ലോകവ്യാപകമായി നേരിടുന്ന വിമർശനം. പോർച്ചുഗീസ് ഭാഷയിൽ – താണനിലവാരത്തിൽ എഴുതപ്പെടുന്ന ' പൗലോ കൊയ്‌ലോ കൃതികൾ' ഒരിക്കലും ഭാഷാപരവും സാഹിതീയവുമായ ഔന്നത്യങ്ങളിലേക്കും ക്ലാസിക്കുകളുടെ ഗരിമയിലേക്കും എത്തപ്പെടുന്നില്ല എന്നതും ഈ എഴുത്തുകാരൻ നേരിടുന്ന മറ്റൊരു വിമർശനമാണ്. ഈ പ്രധാന വിമർശനങ്ങൾ കൂടി ഇവിടെ സൂചിപ്പിക്കുന്നത് ഇക്കാര്യങ്ങൾ കൂടി ഉൾക്കൊണ്ട്, 'ആൽക്കെമിസ്റ്റിന്' ഇനിയും സമഗ്രവും വിമർശനാത്മകവുമായ വായനകൾ ഉണ്ടാകണമെന്ന നിലയിലാണ്. കൃതിയുടെ ആഘോഷിക്കപ്പെടുന്ന വിജയത്തിലും, പുതിയ അനുവാചകർക്കുമുന്നിൽ വീണ്ടും വിമർശനാത്മകമായ വായനകൾ അനിവാര്യമാണെന്ന് സാരം. ഗൗരവമുള്ള ഈ സാഹിതീസത്യം ഉൾക്കൊള്ളുന്ന നവീനവായനകളിലൂടെയായിരിക്കും 'ദി ആൽക്കെമിസ്റ്റ്' എന്ന കൃതി തുടർന്നും സമ്പന്നമാകുക.

***രഘുനാഥ് പറളി (നിരൂപകൻ)***

## ഉപന്യാസരചന

യൂണിറ്റിലെ പാഠഭാഗങ്ങളുടെ ആശയതലം സമഗ്രമായി തിരിച്ചറിയുന്നതിനും വിശകലനം ചെയ്യുന്നതിനും ഉതകുന്ന പ്രവർത്തനം. പാഠഭാഗങ്ങളിൽ നിന്നും ഇതര രചനകളിൽ നിന്നുമുള്ള സന്ദർഭങ്ങളാണ് ചുവടെ ചേർക്കുന്നത്. ഇവയെ വിശകലനം ചെയ്തുകൊണ്ട് ഉപന്യാസം രചിക്കാം. ഓരോ ഗ്രൂപ്പിനും താഴെകൊടുത്തിരിക്കുന്ന ഓരോ സൂചകങ്ങൾ നൽകന്നു. അതത് കൃതിയിൽ പ്രത്യാശ എത്രത്തോളം പ്രതിഫലിക്കുന്നു എന്ന് ഗ്രൂപ്പുകൾ വിലയിരുത്തട്ടെ. (മുന്നൊരുക്കമായി ടി.പദ്മനാഭന്റെ പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി എന്ന കഥ കുട്ടികൾക്ക് കൊടുക്കണം.)

കുട്ടികൾ അവതരിപ്പിക്കട്ടെ. മെച്ചപ്പെടുത്തി എഴുതണം.

- ഓണപ്പുലർച്ചയിൽ കൂരിരുൾ നീക്കിയെൻ
വീടിന്നകത്തമ്മ വന്നുദിക്കും
മാലറ്റുപോകും, വരുംവർഷമക്ഷയ-
ശ്രീയാം വലത്തുകാൽ വച്ചുകേറും

*(പുതുവർഷം)*

- "അല്ലയോ ഉദാരനായ കർഷകാ, ഞങ്ങൾ പോകട്ടെ. നമ്മെ ഭിന്നിപ്പിച്ചു നിർത്തുകയും വെട്ടിമുറിവേൽപ്പിക്കുകയും ചെയ്യുന്ന ഇന്നത്തെ ഭരണരീതിക്ക് ഉടനെ മാറ്റമുണ്ടാകും. നിങ്ങളുടെ രാജ്യം വരുന്നു".

*(ആ വാഴവെട്ടിലെ സ്വപ്നദർശനം)*

- "ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളൂ. അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടുതുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതുതന്നെയാണ് സന്തോഷത്തിന്റെ രഹസ്യം"

*(എണ്ണ നിറച്ച കരണ്ടി)*

- പ്രകാശം പരത്തുന്ന ആ പെൺകുട്ടിയെ വീണ്ടും കണ്ടുമുട്ടാതിരിക്കില്ല. ഒരു പക്ഷേ നാനൂറോ അഞ്ഞൂറോ വർഷങ്ങൾക്കു ശേഷമായിരിക്കാം.

*(പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി - ടി.പദ്മനാഭൻ)*

**ക്രോഡീകരണം**

* ജീവിതം ഭൂമിയിൽ തളിർക്കുക എന്ന പ്രവേശകത്തിലെ പ്രയോഗം പ്രത്യാശയെ സൂചിപ്പിക്കുന്നു.
* പുതുവർഷം എന്ന കവിതയിൽ, അമ്മ എല്ലാത്തരം കൂരിരുട്ടിനെയും അകറ്റി ജീവിതത്തിൽ പ്രത്യാശ നിറയ്ക്കുന്നു.
* ആ വാഴവെട്ടിലെ സ്വപ്നത്തിൽ വരാൻപോകുന്ന നല്ലകാലത്തെക്കുറിച്ചുള്ള പ്രതീക്ഷയുണ്ട്. അതുപോലെ തന്നെ അച്ഛനോടും കൃഷിയോടുമുള്ള റാഹേലിന്റെ പ്രതിപത്തിയും പ്രത്യാശ നൽകുന്നു.
* ആൽക്കെമിസ്റ്റിൽ സന്തോഷത്തിന്റെ രഹസ്യം ഇതൾ വിടരുന്നത് മനസ്സിൽ പ്രത്യാശ പടർത്തുന്നു.
* പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി എന്ന കഥയുടെ പ്രമേയം പ്രത്യാശയാണ്. മരിക്കാൻ ഒരുങ്ങിനിൽക്കുന്ന ഒരാളെ ചെറിയ പെൺകുട്ടിയുടെ ഹൃദ്യമായ പെരുമാറ്റം ജീവിക്കാൻ പ്രേരിപ്പിക്കുന്നു.

**ഉപന്യാസരചനയിൽ ഏർപ്പെടുമ്പോൾ**

* എഴുതുന്ന വിഷയത്തിന്റെ വ്യാപ്തി നിശ്ചയിക്കണം. (മേഖലകൾ, സമയം, വലിപ്പം)
* വിഷയത്തെ സ്വയം മനസ്സിലാക്കണം.
  - വിഷയനിർവചനം
  - ഓരോ ഘടകവും യുക്തിപൂർവം വിശകലനം ചെയ്യൽ
* പറയുന്നതിന്റെ മുൻഗണനാക്രമം നിശ്ചയിക്കൽ
* തലക്കെട്ട്
* ആരംഭത്തിൽ വിഷയാവതരണം (ആമുഖം)
  - വിഷയത്തിന്റെ സാധ്യതകൾ
  - തിരഞ്ഞെടുത്തതിന്റെ ഔചിത്യം
  - സമീപനം

- സ്വന്തം നിരീക്ഷണം
- ഉചിതമായ ഭാഷ
- ഉപസംഹാരം

## ഞാൻ എന്നെക്കുറിച്ച്

- മൂന്ന് പാഠഭാഗങ്ങളിലെയും പഠനപ്രവർത്തനങ്ങളിലൂടെ കടന്നുപോയപ്പോൾ ചില പ്രധാന മേഖലകളിൽ കുട്ടിക്കുണ്ടായ പുരോഗതി സ്വയം വിലയിരുത്തുന്നതിനുള്ള പ്രവർത്തനമാണിത്
- ഓരോ പ്രസ്താവന കൊണ്ടും ഉദ്ദേശിക്കുന്നതെന്താണെന്ന് അധ്യാപകൻ ചർച്ചയിലൂടെ വ്യക്തമാക്കിക്കൊടുക്കണം.
- പൂർണമായി, ഭാഗികമായി, കുറച്ചുമാത്രം എന്നീ റേറ്റുകളിലാണ് മികവുകൾ രേഖപ്പെടുത്തേണ്ടത്. അവയെങ്ങനെ നിർണയിക്കാമെന്ന് ക്ലാസിൽ ചർച്ച ചെയ്യണം.
- പ്രവർത്തനങ്ങൾ നടത്തുമ്പോൾ തനിക്ക് സ്വയം അനുഭവപ്പെട്ട കാര്യങ്ങൾ, പരസ്പര വിലയിരുത്തൽ, അധ്യാപക വിലയിരുത്തൽ എന്നിവ വച്ച് കുട്ടികൾ സ്വതന്ത്രമായി തന്നെക്കുറിച്ച് വിലയിരുത്തി രേഖപ്പെടുത്തുകയാണ് വേണ്ടത്.
- വിലയിരുത്തലുകൾ പരമാവധി തന്നോടുതന്നെ സത്യസന്ധത പുലർത്തുന്നവയാകണം. ഇത് കുട്ടികളെ ബോധ്യപ്പെടുത്താൻ അധ്യാപിക ശ്രമിക്കണം.
- അധ്യാപകരുടെ സാന്നിധ്യത്തിൽ വിലയിരുത്തൽ നടത്തുന്നതാണുചിതം.